2025 MARCH
05
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



# ലോജിസ്റ്റിക്സ്, വെയർ ഹൗസിങ് മേഖലകൾ കുതിപ്പിൽ

**ന്യൂദൽഹി:** രാജ്യത്തെ ലോജിസ്റ്റിക്സ്, വെയർഹൗസിങ് മേഖലകളിൽ മുന്നേറ്റം. അനുകൂലമായ സർക്കാർ നയങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക പുരോഗതി, ഉപഭോക്തൃ സമീപനത്തിലെ വ്യതിയാനം എന്നിവയാണ് ഈ സെക്ടറുകളുടെ കുതിപ്പിന് പിന്നിൽ.

വൻകിട നഗരങ്ങളിൽനിന്ന് ടിയർ 2, 3 നഗരങ്ങളിലേയ്ക്കും ഈ മേഖലകൾ വളരുകയാണെന്ന് കണക്കുകൾ കാണിക്കുന്നു. ഇകൊമേഴ്സ് ഉപഭോക്താക്കളുടെ വർധനവാണ് ചെറു നഗരങ്ങളിൽപോലും വൻമുന്നേറ്റമുണ്ടാക്കിയത്.

ചെറിയ നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി വർഷംതോറും 10,000 കോടി രൂപ(അർബൻ ഇൻഫ്രസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പോലുള്ളവ)യിലേറെയാണ് സർക്കാർ ചെലവഴിക്കുന്നത്. 2047ഓടെ 30 ലക്ഷം കോടി ഡോളർ സമ്പദ്വ്യവസ്ഥയാക്കാൻ ലക്ഷ്യമിടുന്ന വിഷൻ 2047 ഉൾപ്പടെയുള്ളവ ഈ മേഖലകൾക്ക് മികച്ച വളർച്ചാ സാധ്യതയാണ് മുന്നോട്ടുവെയ്ക്കുന്നത്.

വിതരണ ശൃംഖലകൾ സുഗമമാക്കുന്നതിലും പ്രാദേശിക കണക്ടിവിറ്റി വർധിപ്പിക്കുന്നതിലും സുസ്ഥിരമായ സാമ്പത്തിക വളർച്ചക്ക് ഇന്ധനം പകരുന്നതിലും ലോജിസ്റ്റിക്സ് മേഖലയ്ക്ക് നിർണായക പങ്ക് വഹിക്കാനാകും.

ദേശീയ ചരക്ക് നീക്കനയം, ചരക്ക് സേവന നികുതിയുടെ വിജയകരമായ നടപ്പാക്കൽ, ഉത്പാദനവുമായി ബന്ധിപ്പിച്ച ആനുകൂല്യ പദ്ധതികളുടെ വ്യാപനം(പിഎൽഐ), പിഎം ഗതിശക്തി, ഭാരത് മാല, ഉഡാൻ സ്കീമുകൾ എന്നിവയും മുന്നേറ്റ സാധ്യതകൾ തുറന്നിടുന്നു.



# പാക്ക് സേനാ താവളത്തിൽ ഭീകരാക്രമണം; 7 കുട്ടികളടക്കം 12 പേർ കൊല്ലപ്പെട്ടു

**ഇസ്ലാമാബാദ്:** പാക്കിസ്ഥാനിലെ ഖൈബർ പഖ്തൂൺഖ്വയിലെ സൈനിക താവളത്തിലുണ്ടായ ഭീകരാക്രമണത്തിൽ 7 കുട്ടികളുൾപ്പെടെ 12 പേർ കൊല്ലപ്പെട്ടു. 35 പേർക്കു പരിക്കേറ്റു. ചൊവ്വാഴ്ച രാത്രി ബോംബുകൾ ഒളിപ്പിച്ച കാറുമായി 2 ചാവേറുകൾ സൈനിക താവളത്തിലേക്ക് ഇടിച്ചുകയറുകയും പൊട്ടിത്തെറിക്കുകയും ആയിരുന്നു. സൈനിക താവളത്തിലെ മതിൽ തകർന്നതിനു പിന്നാലെ മറ്റു ഭീകരർ അകത്തേക്ക് ഇരച്ചുകയറിയെന്നും വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

ഇഫ്താർ വിരുന്നിനു തൊട്ടുപിന്നാലെയാണു ബന്നു കന്റോൺമെന്റിൽ ആക്രമണമുണ്ടായത്. പാക്ക് താലിബാനുമായി ബന്ധമുള്ള ജയ്ഷ് അൽ ഫുർസാൻ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. പ്രത്യാക്രമണത്തിൽ 6 ഭീകരെ വധിച്ചതായി പൊലീസ് അറിയിച്ചു. ആക്രമണത്തിനു പിന്നാലെ ആകാശത്തേക്കു കട്ടിയുള്ള പുക ഉയരുന്ന വിഡിയോകൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. പശ്ചാത്തലത്തിൽ വെടിയൊച്ചകളും കേൾക്കാം.

ഒരേസമയം 2 ചാവേർ കാർ ബോംബുകൾ ഉപയോഗിച്ചതായും 6 ഭീകരർ ഉൾപ്പെട്ട ഏകോപിത ആക്രമണമാണെന്നും സേനാ വൃത്തങ്ങൾ പറഞ്ഞു. ഫെബ്രുവരി 28ന്, ഇതേ പ്രവിശ്യയിൽ വെള്ളിയാഴ്ച പ്രാർഥനയ്ക്കിടെ ചാവേർ ബോംബ് സ്ഫോടനമുണ്ടായിരുന്നു. താലിബാൻ അനുകൂല പുരോഹിതൻ ഹമീദുൽ ഹഖ് ഹഖാനിയും നാല് അനുയായികളും കൊല്ലപ്പെടുകയും 20 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

# വിദ്യാലയങ്ങളിലെ റാഗിങ്: കേസുകൾ പരിഗണിക്കാൻ ഹൈക്കോടതി പ്രത്യേക ബെഞ്ച്

**കൊച്ചി :** സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ റാഗിങ് സംഭവങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കാൻ പ്രത്യേക ബെഞ്ച് രൂപീകരിച്ച് ഹൈക്കോടതി. റാഗിങ് വിരുദ്ധ നിയമങ്ങൾ നിലവിലുണ്ടായിട്ടും ബന്ധപ്പെട്ട കേസുകളിൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി ലീഗൽ സർവീസസ് അതോറിറ്റി (കെൽസ) ഹൈക്കോടതിയിൽ നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, എസ്.മനു എന്നിവരുടെ നിർദേശം.

റാഗിങ് തടയണമെന്ന കോടതി ഉത്തരവുണ്ടായിട്ടും ഇതു സംബന്ധിച്ച് കൃത്യമായ ചട്ടക്കൂടുകളുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടി. ഇതുമൂലം ഒട്ടേറെ റാഗിങ് കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ സാഹചര്യത്തിൽ ഫലപ്രദമായ റാഗിങ് വിരുദ്ധ നടപടികൾക്ക് കോടതി നിർദേശിക്കണമെന്നും ഹർജിയിൽ പറയുന്നു. റാഗിങ് തടയുന്നതിന് സംസ്ഥാന, ജില്ലാ തല റാഗിങ് വിരുദ്ധ നിരീക്ഷണ സമിതികൾ രൂപീകരിക്കണമെന്നതാണ് ഹർജിക്കാർ മുന്നോട്ടു വയ്ക്കുന്ന പ്രധാന നിർദേശം. സ്കൂളുകളിൽ റാഗിങ് വിരുദ്ധ സ്ക്വാഡുകൾ രൂപീകരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവ സംസ്ഥാനതല നിരീക്ഷക സമിതി മുൻപാകെ പുരോഗതി റിപ്പോർട്ട് സമർപ്പിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു. തുടർന്നാണ് ഈ വിഷയം പരിഗണിക്കുന്നതിന് പ്രത്യേക ബെഞ്ച് രൂപീകരിക്കാൻ കോടതി തീരുമാനിച്ചത്. കേസ് നാളെ പ്രത്യേക ബെഞ്ച് പരിഗണിക്കും.





# വൈപ്പിൻകരയുടെ സായാഹ്നങ്ങളെ ആനന്ദകരമാക്കാൻ വരുന്നൂ മ്യൂസിക്കൽ ഫൗണ്ടൻ

**കൊച്ചി:** വൈപ്പിൻകരയുടെ സായാഹ്നങ്ങളെ ആനന്ദകരമാക്കാൻ വൈപ്പിനിൽ ഗോശ്രീ ഐലൻഡ് ഡെവലപ്മെൻറ് അഥോറോറ്റി (ജിഡ) മ്യൂസിക്കൽ ഫൗണ്ടൻ പാർക്ക് നിർമിക്കുന്നു.

മൂന്നാം ഗോശ്രീ പാലത്തിന് വലതു ഭാഗത്തായി കാളമുക്ക് ജംഗ്ഷനു സമീപം ജിഡയുടെ ഉടമസ്ഥതയിലുള്ള 20 സെൻറ് സ്ഥലത്ത് പദ്ധതിയുടെ പ്രാഥമിക ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

മ്യൂസിക്കൽ ഫൗണ്ടനു പുറമേ വിശ്രമത്തിനും വിനോദത്തിനും കലാവതരണത്തിനുമുള്ള ഇടമാക്കി ഉപയോഗപ്പെടുത്തും വിധം പാർക്ക് മാതൃകയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ആകർഷകമായ ലോഹനിർമിത ഇൻസ്റ്റലേഷനുകൾ, ഹാർഡ്സ്കേപ് ഡിസൈനുകൾ, പ്രകൃതി സൗഹൃദ ലാൻഡ്സ്കേപ്, ഓപ്പൺ സ്റ്റേജ് എന്നിവ പദ്ധതിയുടെ ഭാഗമായുണ്ടാകും. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള പ്രകാശ, ശബ്ദ സംവിധാനങ്ങളും ഒരുക്കും. ഓപ്പൺ സ്റ്റേജിൽ വിനോദസഞ്ചാരികൾക്കും പ്രാദേശിക കലാകാരന്മാർക്കും ഹ്രസ്വ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാം. കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന ഏജൻസിയാണ് രൂപ രേഖ തയാറാക്കിയിട്ടുള്ളത്.

കൃത്യമായ എസ്റ്റിമേറ്റ് തയാറായിട്ടില്ലെങ്കിലും ഏകദേശം 60 ലക്ഷം രൂപയോളം പദ്ധതി ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. ഇത്തരം പദ്ധതികൾക്ക് ജിഡയുടെ തനതു ഫണ്ട് ഉപയോഗിക്കാൻ ഒട്ടേറെ സാങ്കേതിക തടസങ്ങളുള്ളതിനാൽ സ്പോൺസർഷിപ്പിലൂടെയാണ് തുക കണ്ടെത്തുക. നഗരത്തിലെ പ്രമുഖ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പിന് സന്നദ്ധതയറിയിച്ച് മുന്നോട്ടു വന്നിട്ടുണ്ടെന്ന് ജിഡ സെക്രട്ടറി രഘുരാമൻ പറഞ്ഞു.




# ബോധവത്കരണവും അറിവും സമന്വയിപ്പിച്ച് കെ.എസ്.ഇ.ബി സ്റ്റാൾ

**കൊല്ലം:** കൊല്ലം @ 75 പ്രദർശന, വിപണന മേളയിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സ്റ്റാളിലെത്തുന്നവർക്ക് കാണാനും അറിയാനും കാഴ്ചകൾ ഏറെയുണ്ട്. വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെട്ട ബോധവത്കരണത്തിനായി വിവിധ മാതൃകകൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഗാർഹിക കണക്ഷണുകളിൽ ഷോക്കേൽക്കുന്ന സന്ദർഭം ഉണ്ടാകുമ്പോൾ വൈദ്യുതി ഉടൻ വിച്ഛേദിക്കുന്ന സംവിധാനമായ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കറിന്റെ (ഇ.എൽ.സി.ബി) പ്രവർത്തന മാതൃകയും ലൈൻ കമ്പിയിൽ തട്ടി വൈദ്യുതാഘാതമേൽക്കുന്ന അപകടങ്ങളെ കുറിച്ചുള്ള ബോധവത്കരണ മാതൃകയും നേരിൽ കാണാം. കൂടാതെ സോളാർ വഴിയുള്ള വൈദ്യുതോൽപാദനത്തിന്റെ പ്രവർത്തന മാതൃകയും കെ.എസ്.ഇ.ബിയുടെ സഹായത്തോടെ സോളാർ സ്ഥാപിക്കുന്നതിനുള്ള വിവിധ പാക്കേജുകളും അവയ്ക്കായി നൽകേണ്ട തുകയും ഓരോ പാക്കേജ് വഴിയും ലഭിക്കുന്ന വൈദ്യുതിയുടെ അളവും കൃത്യമായി അറിയാനും സംവിധാനമുണ്ട്. സൗജന്യമായി എൽ.ഇ.ഡി ബൾബുകൾ റിപ്പയർ ചെയ്തു കൊടുക്കുന്നതിനൊപ്പം പ്രദർശന നഗരിയിൽ എത്തുന്നവർക്ക് എൽ.ഇ.ഡി ബൾബുകളുടെ റിപ്പയറിംഗ് പരിശീലനവും നൽകുന്നുണ്ട്. ശലഭത്തിന്റെ ആകൃതിയിലുള്ള സെൽഫി സ്പോട്ടിൽ കെ.എസ്.ഇ.ബിയുടെ വിവിധ സംരംഭങ്ങളെ അടുത്തറിയാൻ അവസരമൊരുക്കിയിട്ടുണ്ട്. ഇൻകാൻഡസെന്റ് ബൾബ്, ഫാൻ, എൽ.ഇ.ഡി ബൾബ്, ട്യൂബ്ലൈറ്റ് എന്നിവയുടെ വൈദ്യുതി ഉപയോഗത്തിന്റെ പ്രവർത്തനവും നേരിട്ട് കാണാൻ കഴിയും. മുമ്പ് ഉപയോഗിച്ചിരുന്ന റെസിസ്റ്റൻസ് റെഗുലേറ്ററിൽ നിന്നും ഇലക്ട്രോണിക് റെഗുലേറ്ററിന്റെ വൈദ്യുതി ഉപയോഗത്തിൽ ഉണ്ടാകുന്ന കുറവ് കണ്ടറിയാനാവും. ഓൺലൈനായി വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള ആപ്പുകൾ, വെബ്സൈറ്റുകൾ എന്നിവയുടെ വിവരങ്ങൾ മുതൽ അപകടങ്ങൾ ഉണ്ടാകുമ്പോൾ വിളിക്കേണ്ട ടോൾ ഫ്രീ നമ്പർ വരെ ലഭ്യമാണ്. കേരളം രൂപീകരിച്ചത് മുതൽ ഇപ്പോൾ വരെയുള്ള വൈദ്യുതി വകുപ്പ് മന്ത്രിമാരും അവരുടെ കാലയളവും മറ്റ് വിവരങ്ങളും സ്റ്റാളിൽസ്ഥാപിച്ച ഫ്ളക്സ് ബോർഡിലൂടെ അറിയാൻ കഴിയും.



# അപൂർവ പക്ഷികളെ കണ്ടെത്തി; നിലമ്പൂരിൽ പക്ഷി സർവേ നടത്തി

**നിലമ്പൂർ:** കേരള വനം, വന്യജീവി വകുപ്പ് സോഷ്യൽ ഫോറസ്ട്രി മലപ്പുറം ഡിവിഷൻറെ ആഭിമുഖ്യത്തിൽ നിലന്പൂരിൽ നഗര പക്ഷികളുടെ സർവേ നടത്തി. കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കങ്ങൾ, നഗരമെന്ന രീതിയിലുള്ള വളർച്ച ഇവ നിലന്പൂർ നഗരത്തിൻറെ ജൈവവൈവിധ്യത്തിൽ ഉണ്ടാക്കിയ സ്വാധീനം മനസിലാക്കുന്നതിനും ഭാവിയിലെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുമായാണ് സർവേ നടത്തിയത്.

സർവേയിൽ മുന്നരി പ്രാപിടിയൻ പരുന്ത് കിന്നരി പരുന്ത് മഞ്ഞക്കിളി , വലിയ വേലി തത്ത തുടങ്ങിയ അപൂർവ പക്ഷികൾ ഉൾപ്പെടെ 54 ഇനം (വ്യക്തമായി തിരിച്ചറിയാത്ത ആറ് ഇനവുമുണ്ട്) പക്ഷികളെ കണ്ടെത്തി.

റീക്യാപ്ചർ എർത്ത്, പ്യൂമ ക്ലബ് ഫോർ നാചർ ആൻഡ് കൾച്ചർ എന്നീ പരിസ്ഥിതി സംഘടനകളുമായി സഹകരിച്ചാണ് ദ്വിദിന സർവേ നടത്തിയത്. ഫെബ്രുവരി 14ന് സർവേ സംഘം ചാലിയാർ വ്യൂ ഡോർമിറ്റോറിയിൽ ഒത്തുകൂടുകയും തുടർന്ന് 15ന് രാവിലെ വടപുറം പാലം മുതൽ കരിന്പുഴ പാലം വരെയുള്ള നഗരഭാഗങ്ങളിൽ കണക്കെടുപ്പ് നടത്തുകയും ചെയ്തു.

ഓരോ കിലോമീറ്റർ ദൂരമുള്ള 12 ബ്ലോക്കുകൾ ആയി തിരിച്ചു ഓരോ ബ്ലോക്കിലും ഓരോ സംഘമായാണ് പക്ഷി സർവേ പൂർത്തീകരിച്ചത്. സംസ്ഥാനത്ത് നിന്നുടനീളമായി എത്തിയ നാൽപതോളം പക്ഷി നിരീക്ഷകരും പ്രകൃതിസ്നേഹികളുമാണ് സന്നദ്ധസേവകരായി സർവേക്ക് എത്തിയത്.

മലപ്പുറം സാമൂഹിക വനവത്ക്കരണ വിഭാഗം ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റസ് കെ.എ. മുഹമ്മദ് സൈനുൽ അബിദീൻ സർവേ ഉദ്ഘാടനം ചെയ്തു. റീക്യാപ്ചർ എർത്ത് ചെയർമാനും വന്യജീവി ഫോട്ടോഗ്രാഫറുമായ വി.എം. സാദിക്കലി അധ്യക്ഷത വഹിച്ചു.

# വേമ്പനാട് കായൽ പുനരുജ്ജീവനം: കോഴിക്കോട് എൻ ഐ ടി ശിൽപശാല സംഘടിപ്പിച്ചു

**കോഴിക്കോട്:** നദിയുടെയും ആവാസ വ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിൽ സോഷ്യോ ഹൈഡ്രോളജിയുടെ പങ്ക് ' എന്ന വിഷയത്തിൽ കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻ. ഐ. ടി.) തണ്ണീർമുക്കത്ത് ഏകദിന ശില്പശാല സംഘടിപ്പിച്ചു. കുട്ടനാടും വേമ്പനാട് കായലും കേന്ദ്രീകരിച്ച് നടന്ന ശിൽപശാല ജില്ലാ കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം ചെയ്തു. വേമ്പനാട് കായലും കുട്ടനാട്ടിലെ ആവാസവ്യവസ്ഥയും നേരിടുന്ന പാരിസ്ഥിതിക വെല്ലുവിളികളും ജില്ലാ ഭരണകൂടം നടത്തുന്ന കായൽപുനരുജ്ജീവന പ്രവർത്തനങ്ങളും ജില്ലാ കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടന പ്രസംഗത്തിൽ വിശദീകരിച്ചു.

ഫെബ്രുവരി 27 മുതൽ മാർച്ച് ഒന്ന് വരെ എൻ. ഐ. ടി .സി നെതർലാൻഡ്സിലെ ഡെൽഫ്റ്റ് സാങ്കേതിക സർവ്വകലാശാലയിലെ വാട്ടർ മാനേജ്മെന്റ് വിഭാഗത്തിനൊപ്പം സംയുക്തമായി നടത്തിയ ഇന്റർനാഷണൽ റിവർ റിസീലിയൻസ് കോൺഫറൻസ് 2025 പരിപാടിയുടെ തുടർച്ചയായാണ് ശില്പശാല സംഘടിപ്പിച്ചത്. എൻ. ഐ. ടി. സി സിവിൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ സന്തോഷ് ജി. തമ്പി, അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ ഡോ. കെ ജി പത്മകുമാർ, യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസിലെ പ്രൊഫസർ മുരുഗേശു ശിവപാലൻ, നെതർലാൻഡ് ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെൽഫ്റ്റ്സ് അസി. പ്രൊഫസർ ഡോ. സാകേത് പാണ്ഡെ, എൻ. ഐ. ടി .സി യിലെ ഗവേഷക വിദ്യാർഥികൾ തുടങ്ങിയവർ സംസാരിച്ചു.

# പ്രയുക്തി മിനി ജോബ്ഫെയർ 15 ന്

**ആലപ്പുഴ:** ജില്ലാ എംപ്ലോയ്മെന്റ് സെന്ററിലെ എംപ്ലോയബിലിറ്റി സെന്ററും നാഷണൽ കരിയർ സർവ്വീസും ചേർത്തല ഗവ. പോളിടെക്നിക് കോളേജും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രയുക്തി മിനി ജോബ്ഫെയർ മാർച്ച് 15 ന് ചേർത്തല ഗവ. പോളിടെക്നികിൽ നടക്കും. 20ഓളം സ്വകാര്യസ്ഥാപനങ്ങൾ പങ്കെടുക്കുന്ന മേളയിൽ 1000 ൽ അധികം ഒഴിവുകൾ ഉണ്ട്. പ്രവൃത്തിപരിചയമുള്ളവർക്കും ഇല്ലാത്തവർക്കും പങ്കെടുക്കാം. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിപ്ലോമ, ഐ.ടി.ഐ, ബിരുദം, ബിരുദാനന്തര ബിരുദം, പാരാമെഡിക്കൽ വിദ്യാഭ്യാസ യോഗ്യതയുള്ള 1840 നും ഇടയിൽ പ്രായമുള്ളവർക്ക് മേളയിൽ പങ്കെടുക്കാം. മേളയിൽ പങ്കെടുക്കുന്നവർ എൻസിഎസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. https://shorturl.at/uI0i7 എന്നതാണ് രജിസ്റ്റർ ചെയ്യുവാനുള്ള ലിങ്ക്. പങ്കെടുക്കുന്നവർ അഞ്ച് സെറ്റ് ബയോഡേറ്റ, അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി അന്നേ ദിവസം 8.30 ന് ചേർത്തല ഗവ. പോളിടെക്നികിൽ ഹാജരാകണം. ഫോൺ: 04772230624, 8304057735.

# വനമേഖലയിൽ മാലിന്യമുക്തകേരളത്തിന്റെ മാറ്റങ്ങൾ ദൃശ്യമാകണം: മന്ത്രി എ.കെ. ശശീന്ദ്രൻ

**തിരുവനന്തപുരം:** തദ്ദേശസ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികളെയും പങ്കാളികളാക്കി ഒരു ജനകീയ ക്യാമ്പയിനായി വനമേഖലയിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ മാറ്റിയെടുക്കണമെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു.

ഹരിതകേരളം മിഷന്റെയും വനംവന്യജീവി വകുപ്പിന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം പി.ടി.പി നഗറിലെ ഫോറസ്ട്രി പരിശീലന കേന്ദ്രത്തിൽ ആരംഭിച്ച വനമേഖലയിലെ മാലിന്യ പരിപാലനത്തെക്കുറിച്ച് വനസംരക്ഷണ സമിതികൾക്ക് പരിശീലനം നൽകുന്ന മാസ്റ്റർ ട്രെയിനർമാരുടെ ഹരിത പരിശീലന കളരി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യമുക്തകേരളത്തിനായി ശ്രമിക്കുക എന്നതിന്റെ അർത്ഥം ജനങ്ങൾക്ക് ശുദ്ധവായു,ശുദ്ധജലം തുടങ്ങിയ പ്രകൃതിയുടെ അനുഗ്രഹങ്ങൾ എത്തിക്കാൻ കഴിയുക എന്നതാണ്. പ്രകൃതിയുടെ സംരക്ഷണവും അനുഗ്രഹവും ഉണ്ടാകുമ്പോഴാണ് ഒരു ഊർജ്ജസ്വലതയുള്ള സമൂഹമായി മനുഷ്യസമൂഹത്തെ മാറ്റി എടുക്കാൻ കഴിയുന്നത്. അത്രത്തോളം പ്രധാന്യമർഹിക്കുന്നതാണ് വനമേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട മാലിന്യസംസ്കരണ പദ്ധതികൾ. ആ പദ്ധതിയുടെ ഭാഗമായുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ താഴേത്തട്ടിലേക്ക് എത്തിക്കാൻ നമുക്ക് കഴിയണം.

ഇത് സംബന്ധിച്ചുള്ള പരിശീലം പൂർത്തിയാക്കുന്നതിനൊപ്പം വനസംരക്ഷണ മേഖലയിലെ പ്രാദേശിക സമിതികൾ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംയുക്ത ശ്രമം വനംവകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ഭാഗത്ത് നിന്നുണ്ടാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ അദ്ധ്യക്ഷത വഹിച്ചു. മാലിന്യ സംസ്കരണം സംബന്ധിച്ച പ്രായോഗിക പ്രവർത്തനങ്ങൾ വനമേഖലയിലുണ്ടാകണമെന്ന് ഡോ.ടി.എൻ സീമ പറഞ്ഞു.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ) ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ് വിഷയാവതരണം നടത്തി. ഡി.കെ. വിനോദ്കുമാർ (ഐ.എഫ്.എസ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഐ.എച്ച്.ആർ.ഡി) സ്വാഗതവും, നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി സുധാകരൻ നന്ദിയും പറഞ്ഞു. മാർച്ച് 4,5 തീയതികളിലായി നടക്കുന്ന പരിശീലത്തിൽ വനം വന്യജീവി വകുപ്പ്, ഹരിതകേരളം മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും പ്രതിനിധികളും വിവിധ വിഷയങ്ങളിൽ ക്ലാസ് നയിക്കും. തുടർന്ന് എല്ലാ ജില്ലകളിലുമായി 36 ഫോറസ്റ്റ് ഡിവിഷൻ കേന്ദ്രീകരിച്ച് വന സംരക്ഷണ സമിതിയംഗങ്ങൾ മാലിന്യ പരിപാലനത്തിൽ മാർച്ച് 30 നകം പരിശീലനം നൽകും.

# തൊഴിലാളികളുടെ സുരക്ഷിതത്വം വ്യാവസായിക പുരോഗതിയുടെ അടിസ്ഥാനം: മന്ത്രി വി എൻ വാസവൻ

**തിരുവനന്തപുരം:** തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള പരസ്പരധാരണയും തൊഴിലിടങ്ങളിലെ തൊഴിലാളികളുടെ സുരക്ഷിതത്വവും വ്യാവസായിക പുരോഗതിക്ക് അനിവാര്യമാണെന്ന് തുറമുഖം, സഹകരണ, ദേവസ്വംവകുപ്പ് മന്ത്രി വി എൻ വാസവൻ അഭിപ്രായപ്പെട്ടു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന സംസ്ഥാന വ്യാവസായിക സുരക്ഷിതത്വ അവാർഡ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആരോഗ്യമുള്ള ശരീരത്തിന് മാത്രമേ ശരിയായ നിലയിൽ ഊർജം നൽകി തൊഴിൽ മേഖലയെ കരുത്തുറ്റതാക്കാൻ കഴിയൂ. ഇതിലൂടെയാണ് തൊഴിലുടമയുടെ വ്യവസായത്തിന്റെയും വളർച്ച സാധ്യമാകുന്നത്. ഈ പരസ്പര ധാരണയിലൂടെ മാത്രമേ നിലനിൽപ്പുള്ളൂ എന്ന യാഥാർഥ്യം തിരിച്ചറിയേണ്ടതുണ്ട്. പ്രായോഗികമായ നിരവധി പ്രശ്നങ്ങൾ ഇന്ന് തൊഴിലിടങ്ങളിൽ നേരിടേണ്ടി വരുന്നു. തൊഴിലാളികളുടെ മാനസികവും കായികവുമായ അധ്വാനം പ്രയോജനപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന വിഷമതകളെയും പ്രധാന്യത്തോടെ പരിഗണിക്കുകയും അതില്ലാതാക്കാനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയും ചെയ്യണം. കേരളത്തെ സംബന്ധിച്ചടുത്തോളം നിക്ഷേപക സൗഹൃദ അന്തരീക്ഷവും വ്യാവസായിക പുരോഗതിയും വലിയ മാറ്റം സൃഷ്ടിച്ച കാലമാണിത്. ടീം വർക്കിലൂടെയാണ് ഉൽപ്പാദന, സേവന മേഖലകളിലടക്കം പുരോഗതി സാധ്യമാകുന്നത് എന്ന തിരിച്ചറിവ് പ്രധാനമാണ്.

തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ സുരക്ഷിതത്വത്തിനും രോഗാവസ്ഥകൾ തിരിച്ചറിയുന്നതിനുമായി ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ് ആരംഭിച്ച മൊബൈൽ മെഡിക്കൽ എക്സാമിനേഷൻ യൂണിറ്റ് മികച്ച സംരംഭമാണ്.

ആംബുലൻസിൽ ക്രമീകരിച്ചിരിക്കുന്ന ഈ യൂണിറ്റ് തൊഴിലിടങ്ങളിലെത്തി പരിശോധന നടത്തുന്നു എന്നതിനാൽ പ്രാഥമിക ചികിൽസ പരിശോധകൾക്കായി തൊഴിലാളിയുടെ തൊഴിൽ ദിനം നഷ്ടപ്പെടാതെ സംരക്ഷിക്കുന്നു. രോഗനിർണയം സാധ്യമാക്കി ആശുപത്രികളിലേക്ക് റഫർ ചെയ്യുന്ന രീതി തൊഴിലാളി സൗഹൃദമായ മാതൃകയാണെന്നും മന്ത്രി പറഞ്ഞു. സുരക്ഷിതത്വ അവാർഡ്, ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് എന്നിവയുടെ വിതരണം, 'സുരക്ഷാജാലകം' മാഗസിന്റെ അഞ്ചാം പതിപ്പിന്റെ പ്രകാശനം, മൊബൈൽ മെഡിക്കൽ എക്സാമിനേഷൻ യൂണിറ്റിന്റെ ഫ്ളാഗ് ഓഫ് എന്നിവയും ചടങ്ങിൽ മന്ത്രി നിർവഹിച്ചു.

വി കെ. പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി ഡോ.കെ വാസുകി മുഖ്യപ്രഭാഷണം നടത്തി. ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ് ഡയറക്ടർ പി പ്രമോദ് സ്വാഗതമാശംസിച്ചു. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് ഗ്രേഡ് കക രമേശ് ചന്ദ്രൻ ആർ സുരക്ഷിതത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് ചെയർമാൻ കെ.എൻ. ഗോപിനാഥ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വിനോദ് ജി, സംസ്ഥാന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. ഷീല എ.എം, കേരളാ സ്മോൾ സ്കെയിൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് എ. നിസാറുദ്ദീൻ എന്നിവർ ആശംസകളർപ്പിച്ചു. ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ് ജോയിന്റ് ഡയറക്ടർ ഷാബു ജാൻ റ്റി ചടങ്ങിന് നന്ദി അറിയിച്ചു.

അപകടരഹിത ആരോഗ്യ സുരക്ഷിതത്വ തൊഴിലിടം എന്ന ലക്ഷ്യം മുൻനിറുത്തി സുരക്ഷിത തൊഴിൽ സാഹചര്യം ഒരുക്കുന്ന വ്യവസായശാലകൾക്ക് വകുപ്പ് എല്ലാ വർഷവും വ്യാവസായിക സുരക്ഷിതത്വ അവാർഡുകൾ നൽകിവരുന്നു. വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം, അപകടകരമായ ഫാക്ടറികളുടെ സമീപവാസികളുടെ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുകയാണ് ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പിന്റെ ലക്ഷ്യം.

# ക്ഷയരോഗനിവാരണം, കാൻസർ പ്രതിരോധം: നിക്ഷയ് വാഹൻ പര്യടനം നടത്തി

**ആലപ്പുഴ:** ക്ഷയരോഗനിവാരണം, കാൻസർ പ്രതിരോധം എന്നിവയുടെ ബോധവത്കരണവുമായി ആലപ്പുഴ ജനറൽ ആശുപത്രിയുടെ നേതൃത്വത്തിൽ നിക്ഷയ് വാഹൻ പര്യടനം നടത്തി. നഗരസഭാധ്യക്ഷ കെ.കെ. ജയമ്മ ഫ്ലാഗ് ഓഫ് നിർവ്വഹിച്ചു. സമ്മേളനത്തിൽ നഗരസഭ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ എ.എസ് കവിത അധ്യക്ഷയായി. ഡെപ്യൂട്ടി ഡിഎംഒ ഡോ. അനന്ത് വിഷയാവതരണം നടത്തി. സൂപ്രണ്ട് ഡോ. ആർ സന്ധ്യ, അസിസ്റ്റന്റ് ഡയറക്ടർ ഫാർമസി സർവ്വീസസ് പത്മാദേവി, ചീഫ് കൺസൾട്ടന്റ് ഡോ. കെ. വേണുഗോപാൽ, ആർ.എം.ഒ. ഡോ. എം ആശ, ഡോ. ആർ അനുപമ, നഴ്സിങ് സൂപ്രണ്ട് റസി പി ബേബി, ജെഎച്ച്ഐ ടി .എസ് പീറ്റർ, പി.ആർ.ഒ ബെന്നി അലോഷ്യസ് എന്നിവർ സംസാരിച്ചു.നിക്ഷയ് വാഹൻ എ.എൻ. പുരം, ചന്ദനക്കാവ്, പഴവീട്, ഹൗസിംഗ് കോളനി, കൈതവന, കളർകോട്, തിരുവമ്പാടി, ചുടുകാട്, ഇരുമ്പുപാലം, കല്ലുപാലം, കെഎസ്ആർടിസി സ്റ്റാൻഡ്, ഭട്ടതിരിപുരയിടം എന്നിവിടങ്ങളിൽ പര്യടനം നടത്തി. ഫെബ്രുവരി നാലിനു തുടങ്ങിയ ആരോഗ്യം ആനന്ദം, അകറ്റാം അർബുദം ജനകീയ കാമ്പയിൻ ദേശീയവനിതാ ദിനമായ മാർച്ച് എട്ടിന് സമാപിക്കും. 30 വയസ്സിനു മുകളിലുള്ള എല്ലാ സ്ത്രീകൾക്കും ആലപ്പുഴ ജനറൽ ആശുപത്രിയിലും മറ്റ് സർക്കാർ ആശുപത്രികളിലും കാൻസർ പരിശോധന സൗജന്യമാണ്.




# മാംസോൽപന്ന നിർമാണത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലനം

**കാസർകോട്:** പട്ടികജാതി വിഭാഗക്കാരെ മാംസോൽപന്ന നിർമാണത്തിൽ സ്വയം പര്യാപ്തരാക്കി സ്വയംസംരഭകരാക്കുന്ന ദേശീയ പദ്ധതിയിൻ കീഴിലുള്ള ആദ്യഘട്ട പരിശീലനപരിപാടി കോയിപ്രം ബ്ലോക്ക് ഓഫീസിൽ പൂർത്തിയായി. കേരളത്തിൽ നിന്ന് കോയിപ്രം ബ്ലോക്കിനെയാണ് പദ്ധതിയുടെ പൈലറ്റ് പ്രോജെക്ടിനായി തിരഞ്ഞെടുത്തത്. ഐ സി എ ആർ ദേശീയ മാംസ ഗവേഷണകേന്ദ്രം, ഹൈദരാബാദ്, കോയിപ്രം ബ്ലോക്ക് പട്ടിക ജാതി വികസന വകുപ്പ് , പുല്ലാട് സർക്കാർ മൃഗാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. കോയിപ്രം ബ്ലോക്ക് എസ് സി ഓഫീസർ മിനി എബ്രഹാം, ജില്ലാമൃഗ സംരക്ഷണ ഓഫീസർ ഡോ. മിനി സാറ കുര്യൻ, പദ്ധതിയുടെ ദേശീയ സംഘാടകനായ ഡോ. വിഷ്ണുരാജ്, കോയിപ്രം സീനിയർവെറ്റിനറി സർജൻ ഡോ. എ എസ് ബിജുലാൽ, ഡോ. വി കെ വിനോദ്, ഡോ. അംബിക ദേവി, , ഹണിമ എന്നിവർ പങ്കെടുത്തു.



# ദക്ഷിണേന്ത്യയിലെ ആദ്യ ആർച്ച്പാലത്തിന് 90 വയസ്

**അടിമാലി:** ദക്ഷിണേന്ത്യയിലെ ആദ്യ ആർച്ച് പാലത്തിന് 90 വയസ് തികഞ്ഞു. ഇടുക്കിക്കാർക്ക് നേര്യമംഗലം പാലം ഗതാഗതമാർഗമാണെങ്കിൽ അയൽ ജില്ലകളിൽനിന്നെത്തുന്നവർക്ക് ഈ പാലം പെരിയാറിനു മുകളിൽ വനത്തോടു ചേർന്നുള്ള കൗതുക നിർമിതികൂടിയാണ്. ആധുനിക കേരളം കണ്ട ഏറ്റവും ഭീകരമായ പ്രളയം അതിജീവിച്ച ചരിത്രം കൂടിയുണ്ട് നേര്യമംഗലം പാലത്തിന്.

1924ലെ ( 99ലെ പ്രളയം) പ്രളയത്തിൽ അന്നു മാങ്കുളത്തുകൂടി ഉണ്ടായിരുന്ന ആലുവ മൂന്നാർ റോഡ് ഒലിച്ചുപോയി. ഇതോടെ കോതമംഗലത്തുനിന്നും നേര്യമംഗലം അടിമാലി വഴി മൂന്നാറിന് പുതിയ പാത തുറന്നു. ആദ്യ പ്രളയം കഴിഞ്ഞ് പതിനൊന്ന് വർഷം പിന്നിട്ടപ്പോൾ നിർമിച്ച നേര്യമംഗലം പാലം കേരളം നേരിട്ട രണ്ടാം പ്രളയത്തെയും അതിജീവിച്ച് ഹൈറേഞ്ചുകാർക്കിന്നും സഞ്ചാരമാർഗമായി നിലനിൽക്കുന്നു.

214 മീറ്റർ നീളവും 4.90 മീറ്റർ വീതിയുമാണ് ഈ ആർച്ച്പാലത്തിനുള്ളത്. 1935 മാർച്ചിൽ അന്നത്തെ ഭരണാധികാരി രാമവർമ ശ്രീചിത്തിര തിരുനാളായിരുന്നു പാലം ഗതാഗതത്തിനായി തുറന്നു നൽകിയത്.

ചരിത്രങ്ങൾക്കും പരാധീനതകൾക്കുമപ്പുറം മണ്ണിനോടു പടവെട്ടിയ ഒരു ജനതയുടെ കഥകൂടി ദക്ഷിണേന്ത്യയിലെ ഈ ആദ്യ ആർച്ച്പാലത്തിനു പറയാനുണ്ടാകും.



# കാട്ടുപന്നി അക്രമണം: നഷ്ടപരിഹാര തുകയുടെ ആദ്യ ഗഡു കൈമാറി

**കണ്ണൂർ:** പാനൂരിനടുത്ത മൊകേരി വള്ള്യായിൽ കാട്ടുപന്നി ആക്രമണത്തിൽ കൊല്ലപ്പെട്ട കർഷകൻ എ.കെ. ശ്രീധരന്റെ കുടുംബത്തിന് വനം വകുപ്പ് പ്രഖ്യാപിച്ച പത്ത് ലക്ഷം രൂപയിൽ ആദ്യഗഡു അഞ്ച് ലക്ഷം രൂപ കൈമാറി. മൊകേരി പഞ്ചായത്ത് പ്രസിഡന്റ് പി. വൽസനാണ് ശ്രീധരന്റെ മകൻ വിപിന് വീട്ടിലെത്തി ചെക്ക് കൈമാറിയത്. കണ്ണവം ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ സുധീർ നെരോത്ത്, വാർഡ് അംഗം അനിൽ വള്ള്യായി എന്നിവരും കൂടെയുണ്ടായിരുന്നു. ഞായറാഴ്ച രാവിലെയാണ് കൃഷിയിടത്തിൽ കാട്ടുപന്നിയുടെ അക്രമത്തിൽ ശ്രീധരൻ മരണപ്പെട്ടത്. വന്യജീവികളുടെ അക്രമത്തിൽ കാർഷിക വിളകൾ നശിപ്പിക്കപ്പെട്ടാൽ വനം വകുപ്പ് നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ടെന്ന് റേഞ്ച് ഓഫീസർ സുധീർ നെരോത്ത് പറഞ്ഞു. അക്ഷയ കേന്ദ്രങ്ങൾ മുഖേന അപേക്ഷ സമർപ്പിക്കണം. ലളിതമായ നടപടി ക്രമങ്ങളിലൂടെ കർഷകർക്ക് ഇത് ഉപയോഗപെടുത്താമെന്നും അദ്ദേഹം പറഞ്ഞു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയുടെ ആവശ്യത്തിലേക്ക് പേപ്പർ ഷ്രെഡിങ് മെഷീൻ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ മാർച്ച് 10 ന് 2.30 വരെ നൽകാം. കൂടുതൽ വിവരങ്ങൾ ഹൈക്കോടതി ഭരണ വിഭാഗം രജിസ്ട്രാർ ഓഫീസിൽ അറിയാം.

## ഉറവിട മാലിന്യ സംസ്കരണം: ചോറ്റാനിക്കരയിൽ ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തു

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തു. പദ്ധതിയുടെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എം ആർ രാജേഷ് നിർവഹിച്ചു.

പഞ്ചായത്തിന്റെ 202425 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തത്. തിരഞ്ഞെടുത്ത ഒമ്പത് ഗുണഭോക്താക്കൾക്കാണ് സബ്സിഡി നിരക്കിൽ ആദ്യഘട്ടത്തിൽ പ്ലാന്റുകൾ നൽകിയത്. രണ്ടര മുതൽ ഏഴര കിലോഗ്രാം ജൈവമാലിന്യം പ്രതിദിനം സംസ്കരിക്കാവുന്ന പ്ലാന്റുകളാണ് വിതരണം ചെയ്തത്.ഓക്സിജന്റെ അഭാവത്തിൽ മാലിന്യം സംസ്കരിക്കാൻ സാധിക്കുന്ന മാലിന്യ സംസ്കരണ സംവിധാനമാണ് ബയോഗ്യാസ് പ്ലാന്റ്. വീടുകളിലെ മാലിന്യനിർമാർജനം സാധ്യമാകുന്നത് കൂടാതെ പുകയും ദുർഗന്ധവും ഇല്ലാതെ അടുക്കളയിൽ പാചകത്തിന് ഉപയോഗിക്കാനും സാധിക്കുന്നു എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പഞ്ചായത്തിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പ്ലാന്റുകൾ വിതരണം ചെയ്തത്.ചടങ്ങിൽ വൈസ് പ്രസിഡന്റ് പുഷ്പ പ്രദീപ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർ പി. വി പൗലോസ്, ഉദ്യോഗസ്ഥർ, ഹരിത കർമ്മ സേന അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## റസിഡന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ സീനിയർ റസിഡൻറ് തസ്തികയിൽ താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യത എം ബി ബി എസ്, എം എസ് (ഒ ആന്റ് ജി), ഡി.ജി.ഒ, ഡി.എൻ.ബി ഇൻ കൺസേണ്ട് ഡിസിപ്ലിൻ/ടിസി രജിസ്ട്രേഷൻ. ശമ്പളം 70,000 രൂപ.

ആറുമാസ കാലയളവിലേക്കാണ് നിയമനം. താൽപര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം മാർച്ച് 12 ന് (ബുധൻ) മെഡിക്കൽ സൂപ്രണ്ടിൻറെ കാര്യാലയത്തിൽ രാവിലെ 11.30 ന് നടക്കുന്ന വാക്ഇൻഇൻറർവ്യൂവിൽ പങ്കെടുക്കണം. രാവിലെ 11.00 മുതൽ 11.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം മിനി സിവിൽ സ്റ്റേഷൻ കാന്റീൻ പ്രവർത്തനം ഒരു വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി പ്രതിമാസ വാടക നിരക്കിൽ ഏറ്റെടുത്തു നടത്തുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ മാർച്ച് 18 ന് ഉച്ചയ്ക്ക് രണ്ടു വരെ താലൂക്കാഫീസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ താലൂക്കാഫീസിൽ നേരിട്ട് അറിയാം.

## ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ. ഐ.ടി.ഐ. ക്യാപസിൽ പ്രവർത്തിച്ചു വരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി.ടി.എസ്.) സ്ഥാപനത്തിൽ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് മറൈൻ ഡീസൽ എഞ്ചിൻസ് എസ് സി വിഭാഗം ഒഴിവിലേയ്ക്ക് ഇൻസ്ട്രക്ടറുടെ താത്കാലിക നിയമനം നടത്തുന്നു . യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ മാർച്ച് 10 ന് രാവിലെ 11 ന് എ.വി.ടി.എസ്. പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. മെക്കാനിക്ക് ഡീസൽ/ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ എ9 സി വി ടി സർട്ടിഫിക്കറ്റും ഏഴ് വർഷത്തെ പ്രവർത്തി പരിചയവും / എ9.എ.സി സർട്ടിഫിക്കറ്റും ആറ് വർഷത്തെ പ്രവർത്തി പരിചയവും ഓട്ടോമോബൈൽ എഞ്ചിനീയറിംഗിൽ ഡിപ്ളോമയും /അഞ്ച് വർഷം പ്രവർത്തപരിചയവും / മെക്കാനിക്ക് അല്ലെങ്കിൽ ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് ഡിഗ്രിയും പ്രസ്തുത മേഖലയിൽ രണ്ട് വർഷം വരെ പ്രവർത്തി പരിചയവും ആണ് യോഗ്യത. ഫോൺ:8089789828,04842557275.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് ആവശ്യമായ മെഡിസി9 കവറുകൾ പ്രിന്റ് ചെയ്തു നൽകുവാ9 താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 10ന് രാവിലെ 11 വരെ. ഫോൺ 04842224511.

## റേഷൻ കാർഡ് മസ്റ്ററിംഗ് ചെയ്യണം

**കൊച്ചി:** ജില്ലയിൽ മുൻഗണന (പിങ്ക്, മഞ്ഞ) റേഷൻ കാർഡിലെ അഞ്ച് വയസിന് മേൽ പ്രായമുള്ള എല്ലാ അംഗങ്ങളും ആധാർ അപ്ഡേറ്റ് ചെയ്ത് റേഷൻ കാർഡ് മസ്റ്ററിംഗ് ചെയ്യണം. മാർച്ച് 31 നകം മസ്റ്ററിംഗ് ചെയ്യാത്ത പക്ഷം റേഷൻ മുൻഗണനാ വിഹിതം നഷ്ടപ്പെടുന്നതാണ്. ഇനിയും മസ്റ്ററിങ്ങ് നടത്തുവാൻ കഴിയാത്തവർ താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം. സിറ്റി റേഷനിംഗ് ഓഫീസ് 0484 2390809, 0484 2222002

# ഉറവിട മാലിന്യ സംസ്കരണം: ചോറ്റാനിക്കരയിൽ ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തു

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തു. പദ്ധതിയുടെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എം ആർ രാജേഷ് നിർവഹിച്ചു.

പഞ്ചായത്തിന്റെ 202425 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തത്. തിരഞ്ഞെടുത്ത ഒമ്പത് ഗുണഭോക്താക്കൾക്കാണ് സബ്സിഡി നിരക്കിൽ ആദ്യഘട്ടത്തിൽ പ്ലാന്റുകൾ നൽകിയത്. രണ്ടര മുതൽ ഏഴര കിലോഗ്രാം ജൈവമാലിന്യം പ്രതിദിനം സംസ്കരിക്കാവുന്ന പ്ലാന്റുകളാണ് വിതരണം ചെയ്തത്.

ഓക്സിജന്റെ അഭാവത്തിൽ മാലിന്യം സംസ്കരിക്കാൻ സാധിക്കുന്ന മാലിന്യ സംസ്കരണ സംവിധാനമാണ് ബയോഗ്യാസ് പ്ലാന്റ്. വീടുകളിലെ മാലിന്യനിർമാർജനം സാധ്യമാകുന്നത് കൂടാതെ പുകയും ദുർഗന്ധവും ഇല്ലാതെ അടുക്കളയിൽ പാചകത്തിന് ഉപയോഗിക്കാനും സാധിക്കുന്നു എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പഞ്ചായത്തിൽ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പ്ലാന്റുകൾ വിതരണം ചെയ്തത്.

ചടങ്ങിൽ വൈസ് പ്രസിഡന്റ് പുഷ്പ പ്രദീപ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർ പി. വി പൗലോസ്, ഉദ്യോഗസ്ഥർ, ഹരിത കർമ്മ സേന അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# മുണ്ടക്കൈചൂരൽമല പുനരധിവാസം: ടൗൺഷിപ്പിന്റെ നിർമാണപ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കുമെന്ന് മന്ത്രി കെ രാജൻ

**കൊച്ചി:** മുണ്ടക്കൈചൂരൽമല പുനരധിവാസ പദ്ധതിയുടെ ഭാഗമായ എൽസ്റ്റോൺ എസ്റ്റേറ്റിലെ ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കുമെന്ന് റവന്യു വകുപ്പ് മന്ത്രി കെ രാജൻ. ടൗൺഷിപ്പിനായുള്ള ഭൂമി ഏറ്റെടുക്കൽ 15 ദിവസത്തിനകം പൂർത്തിയാകും. ദുരന്തബാധിതരിൽ വീട് നഷ്ടപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ഓപ്ഷൻ തിരഞ്ഞെടുക്കുന്നതിന് വേണ്ടി മാർച്ച് 10,11,12 തിയതികളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹിയറിംഗ് സംഘടിപ്പിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഒരുകാരണവശാലും സ്റ്റേ ഉണ്ടാകില്ലെന്ന് കോടതി വ്യക്തമാക്കിയ സാഹചര്യത്തിൽ വളരെ വേഗം മുന്നോട്ടുപോകും. ടൗൺഷിപ്പിനുവേണ്ടി ടോപ്പോഗ്രഫിക്കൽ, ജിയോഗ്രഫിക്കൽ, ഹൈഡ്രോഗ്രഫിക്കൽ പരിശോധനകളും ഫീൽസ് വിസിറ്റും മണ്ണ് പരിശോധനയും പൂർത്തിയായി. ദുരന്തത്തിൽ പൂർണമായും വീടുകൾ നഷ്ടപ്പെട്ടവരുടെ പേരുകളാണ് ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ലിസ്റ്റുകളിൽ പരാതി നൽകാനുള്ള അവസരം മാർച്ച് 13 വരെയുണ്ട്. രണ്ടാഴ്ചക്കകം ലിസ്റ്റ് അന്തിമമാക്കാനാകും. നേരത്തേ ഓരോ വീടിനും അഞ്ച് സെന്റ് ഭൂമി വീതമാണ് നിശ്ചയിച്ചിരുന്നതെങ്കിലും നിലവിൽ 7 സെന്റ് ഭൂമി നൽകാനാണ് തീരുമാനം. ഇതിനനുസരിച്ച് ഡിസൈനിൽ മാറ്റം വരുത്തും. ഓരോ വീടിനും സ്പോൺസർമാർ 20 ലക്ഷം രൂപ വീതം നൽകും. ബാക്കി തുക സർക്കാർ വഹിക്കും.

പുഞ്ചിരിമട്ടം ഭൂമി സർക്കാർ ഏറ്റെടുക്കില്ല. ദുരന്തബാധിത പ്രദേശങ്ങളിലെ പാലങ്ങളും റോഡുകളും നിർമിക്കും. ബെയ്‌ലി പാലത്തിന് പകരമായി രണ്ട് പാറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റെസ്ക്യു പോയിന്റായാണ് പുതിയ പാലം നിർമിക്കുക. ദുരന്തബാധിതർക്ക് മുന്നൂറ് രൂപവീതം നൽകി വരുന്ന സഹായം 9 മാസത്തേക്കുകൂടി നീട്ടി നൽകാൻ ആലോചനയുണ്ട്. ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുപകരമായി സപ്ലൈകോയിൽ നിന്നു സാധനങ്ങൾ വാങ്ങുന്നതിനായി ആയിരം രൂപയുടെ കാർഡ് നൽകും. ടൗൺഷിപ്പ് ഒഴികെ എല്ലാ പരിഗണനയും വിലങ്ങാടിനും നൽകും. ഇതിനായി ഉടനെ തന്നെ ഉന്നതതല യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളും. ദുരന്തബാധിതർക്ക് പുനരധിവാസം ഉറപ്പുവരുത്തുന്നതിൽ തുറന്ന മനസ്സാണ് സർക്കാരിനുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിനും തുറന്ന ചർച്ചകൾക്കും സർക്കാർ തയ്യാറാണെന്നും മന്ത്രി അറിയിച്ചു.



# പുഞ്ചക്കൊയ്ത്തും നെല്ലെടുപ്പും: ദ്രുതകർമസേന ഇടപെടണം

**ആലപ്പുഴ:** കുട്ടനാട്ടിലെ പുഞ്ച ക്കൊയ്ത്തും നെല്ലെടുപ്പും സുഗമമായി നടക്കാനും പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കാനും കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥതല ദ്രുതകർമസേനകൾ കൃത്യമായി ഇടപെടണമെന്ന് ജില്ലാ കളക്ടർ അലക്സ് വർഗീസ് നിർദേശിച്ചു.

പുഞ്ചക്കൊയ്ത്തും നെല്ലെടുപ്പും സംബന്ധിച്ച് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന ഉദ്യോഗസ്ഥതല അവലോകന യോഗത്തിലാണ് നിർദേശങ്ങൾ നൽകിയത്. മാർച്ച് മാസത്തിൽ കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ ആവശ്യമായി വരും. ഇവയുടെ ലഭ്യത ഉറപ്പാക്കാനാവശ്യമായ നടപടികൾ കൃഷിഭവൻ തലത്തിൽ സ്വീകരിക്കണം. ഓരോ കൃഷിഭവൻ പരിധിയിലും കൊയ്തുവരുന്ന പാടശേഖരങ്ങളിൽ ഇറങ്ങുന്ന മെഷീനുകളെ സംബന്ധിച്ച വിവരങ്ങൾ നിർദിഷ്ട പ്രൊഫോർമയിൽ പൂരിപ്പിച്ച് ബന്ധപ്പെട്ട പാടശേഖര സമിതികൾ കൃഷി ഓഫീസറെ ഏൽപ്പിക്കണം.

കൃഷി ഓഫീസർ കൊയ്ത്ത് മെഷീൻ സംബന്ധിച്ച വിവരങ്ങളടങ്ങിയ പ്രസ്തുത രേഖ സാക്ഷ്യപ്പെടുത്തി ജില്ലാതലത്തിൽ കാർഷിക യന്ത്രവത്കരണ മിഷൻ നോഡൽ ഓഫീസിൽ എത്തിക്കണം. കൊയ്ത്ത് സംബന്ധിച്ച കൃത്യമായ നിരീക്ഷണവും ഇടപെടലും സാധ്യമാക്കാൻ ഇത് അനിവാര്യമാണ്. എല്ലാ കൃഷി ഉദ്യോഗസ്ഥരും പാടശേഖരസമിതികളും ഈ നിർദേശം കൃത്യമായി പാലിക്കേണ്ടതാണ്.

നെല്ല് സംഭരണം സംബന്ധിച്ച് സപ്ലൈകോ പുറപ്പെടുവിച്ച നടപടിക്രമത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സപ്ലൈകോയിലെ പാഡി മാർക്കറ്റിംഗ് ഓഫീസർമാർ ഉറപ്പുവരുത്തണം. കിഴിവ് സംബന്ധിച്ച് ഉടലെടുക്കുന്ന തർക്കങ്ങൾ, സപ്ലൈകോ ഉദ്യോഗസ്ഥർ, പഞ്ചായത്തുതല മോണിറ്ററിംഗ് സമിതി, ബന്ധപ്പെട്ട കൃഷി അസിസ്റ്റൻറ് ഡയറക്ടർമാർ എന്നിവർ ഇടപെട്ട് പരിഹരിക്കണമെന്നും നിർദേശിച്ചു.

ഏതെങ്കിലും പാടശേഖരത്തിൽ മൊത്തത്തിൽ രണ്ടു ശതമാനത്തിലധികം കിഴിവ് ആവശ്യപ്പെട്ടാൽ ആ വിവരം ജില്ലാ കളക്ടറെ അറിയിക്കണം. കൊയ്ത്ത് യന്ത്രത്തിൻറെ വാടക, ഒരേക്കർ കൊയ്തെടുക്കുന്ന സമയം മുതലായ കാര്യങ്ങളിൽ ജില്ലാതലത്തിൽ നൽകിയിട്ടുള്ള നിർദേശങ്ങൾ അപ്രകാരം തന്നെ പാലിക്കേണ്ടതാണെന്നും കളക്ടർ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# രഞ്ജിട്രോഫിയിൽ കേരളം നേടിയത് ജയസമാനമായ നേട്ടം : മുഖ്യമന്ത്രി

**തിരുവനന്തപുരം:** ചരിത്രത്തിലാദ്യമായി രഞ്ജിട്രോഫി ഫൈനലിൽ എത്തിയ കേരളം ജയസമാനമായ നേട്ടമാണ് സ്വന്തമാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രഞ്ജിട്രോഫി ഫൈനലിലെത്തിയ കേരള ക്രിക്കറ്റ് ടീമിന് ആദരം നൽകുന്നതിന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വിദർഭക്കെതിരായി ആദ്യ ഇന്നിംഗ്സിൽ ലീഡ് നേടാനായിരുന്നെങ്കിൽ രഞ്ജിട്രോഫി ഫലം മറിച്ചാകുമായിരുന്നു. അടുത്ത തവണ കപ്പ് നേടുന്നതിനുള്ള ചവിട്ടു പടിയായി നമുക്ക് ഈ നേട്ടത്തെ കരുതാം. കായിക ഇനങ്ങളോട് എന്നും മമത കാട്ടിയ സംസ്ഥാനമാണ് കേരളം. ഒളിമ്പിക്സിലടക്കം ശ്രദ്ധേയമായ പ്രകടനം നടത്തിയ നിരവധി കായിക താരങ്ങൾ നമുക്കുണ്ട്. ഫുട്ബോളിൽ ദേശീയ നിലവാരത്തിൽ ശ്രദ്ധേയമായ നിരവധി താരങ്ങളുണ്ടായി. അതേ സമയം എന്നും ക്രിക്കറ്റിനോട് ആത്മ ബന്ധം പുലർത്തിയ നാടാണ് നമ്മുടേത്. തലശ്ശേരിയാണ് ഇന്ത്യയിൽ ക്രിക്കറ്റിന്റെ ആദ്യത്തെ നാട്.

പരിചയ സമ്പന്നതയും യുവത്വവും ഒന്നു ചേർന്ന വിന്നിംഗ് കോമ്പോയായ കേരള ക്രിക്കറ്റ് ടീമിനെ കോച്ച് അമയ് ഖുറേസിയയും ക്യാപ്റ്റൻ സച്ചിൻ ബേബിയും കൂടുതൽ കരുത്തുറ്റതാക്കി. തോൽവിയറിയാതെ സെമിയിൽ എത്തിയത് മികച്ച ടീം വർക്കിലൂടെയാണ്. ക്വാർട്ടറിൽ കരുത്തരായ ജമ്മു കശ്മീരിനെയും സെമിയിൽ ഗുജറാത്തിനെയും മറി കടന്നാണ് കേരളം ഫൈനലിൽ എത്തിയത്.

കേരള ക്രിക്കറ്റ് പ്രേമികളെ സംബന്ധിച്ചടുത്തോളം ഈ രഞ്ജിട്രോഫി ആകാംക്ഷയുടെയും പ്രതീക്ഷയുടേതുമായിരുന്നു. മുഹമ്മദ് അസറുദീൻ ,സൽമാൻ നിസാർ എന്നിവർ ടൂർണമെന്റിൽ 600 ലധികം റൺ നേടി ജലജ് സക്സേനയും ആദിത്യ സർവാതെയും 75 ഓളം വിക്കറ്റുകൾ വീതം നേടി. ഇവർ മറുനാടൻ കളിക്കാരല്ല മറിച്ച് കേരള സമൂഹത്തിന്റെ തന്നെ ഭാഗങ്ങളാണ്. എം ഡി നിതീഷിന്റെ ബൗളിംഗ് മികവുമടക്കം മികച്ച പ്രകടനം നടത്തിയ മുഴുവൻ ടീമംഗങ്ങളെയും അഭിനന്ദിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

കേരള ക്രിക്കറ്റിന്റെ വളർച്ചക്ക് പിന്നിൽ കെ സി എ സമാനതയില്ലാത്ത ഇടപെടൽ നടത്തുന്നു. ഗ്രീൻഫീൽഡും തുമ്പയുമടക്കം അത്യാധുനിക സൗകര്യങ്ങളുള്ള പന്ത്രണ്ടോളം സ്റ്റേഡിയങ്ങൾ കെ സി എ യുടെ നിയന്ത്രണത്തിൽ ഇന്ന് സംസ്ഥാനത്തുണ്ട്. സർക്കാറിന്റെ പിൻതുണ കേരള ക്രിക്കറ്റ് അസോസിയേഷനുണ്ട്.

പ്രത്യേക കായികനയം രൂപീകരിച്ച് നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരുമായി കൂടുതൽ സഹകരിച്ച് കെ സി എ ക്രിക്കറ്റ് മേഖലയിൽ മുന്നേറ്റത്തിന് തയാറാകുമെന്നാണ് പ്രതീക്ഷ. ആരോഗ്യമുള്ള മനസ്സും ശരീരവും സൃഷ്ടിച്ച് പുതിയ തലമുറയെ ലഹരിക്കെതിരായ പോരാട്ടത്തിൽ അണിനിരത്താൻ കഴിയുന്ന കായിക പദ്ധതികളുമായി സംസ്ഥാനം മുന്നോട്ട് പോകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. രഞ്ജിട്രോഫി റണ്ണേഴ്സ് അപ്പ് ട്രോഫി കേരള ക്രിക്കറ്റ് ടീം ക്യാപ്റ്റൻ സച്ചിൻ ബേബി മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

കായികമന്ത്രി അബ്ദുറഹിമാൻ അധ്യക്ഷനായ ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, നിയമസഭാ സ്പീക്കർ എ. എൻ ഷംസീർ, മന്ത്രിമാരായ കെ. രാജൻ, പി. രാജീവ്, ജി.ആർ അനിൽ, കെ.സി.എ സെക്രട്ടറി വിനോദ് എസ് കുമാർ, കെ സി എ പ്രസിഡന്റ് ജയേഷ് ജോർജ്, കോച്ച് അമയ് ഖുറേസിയ, കേരള ക്രിക്കറ്റ് ടീം താരങ്ങൾ,കെ സി എ ഭാരവാഹികൾ, മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു.

# ആറ്റുകാൽ പൊങ്കാല: അവലോകന യോഗം ചേർന്നു

**തിരുവനന്തപുരം:** ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് വിവിധ വകുപ്പുകൾ നടത്തിയ ഒരുക്കങ്ങളുടെ പുരോഗതി വിലയിരുത്താനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

പൊങ്കാലയ്ക്ക് എത്തുന്നവർക്ക് ശുദ്ധമായ കുടിവെള്ളവും വൃത്തിയുള്ളതും കേടില്ലാത്തതുമായ ഭക്ഷണവും ഉറപ്പുവരുത്തേണ്ടത് പ്രധാനമാണെന്നും കൃത്യമായ പരിശോധനകൾ ഇതുമായി ബന്ധപ്പെട്ട് നടത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

പൊങ്കാല സമയത്ത് പ്രദേശവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കഴിവതും കുറയ്ക്കുന്ന രീതിയിൽ ക്രമീകരണങ്ങളുണ്ടാകണം. എല്ലാ സർക്കാർ വകുപ്പുകളും കൃത്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നാണ് മനസിലാക്കുന്നത്. നല്ല നിലയിൽ തന്നെ ഉത്സവകാര്യങ്ങൾ നടക്കും എന്നതിന്റെ സൂചനയാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു. ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

പൊങ്കാല ഡ്യൂട്ടിയ്ക്ക് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 120 പേരും പൊങ്കാല ഉത്സവത്തിന് ഏകദേശം ആയിരത്തോളം വനിതാ പോലീസുകാരെയും വിന്യസിക്കും. 179 സി.സി.ടി.വി ക്യാമറകൾ, ഒരു മെയിൻ കൺട്രോൾ റൂം കൂടാതെ സ്ത്രീകൾക്കുവേണ്ടി പ്രത്യേക കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. അഞ്ച് ഡെഡിക്കേറ്റഡ് പാർക്കിങ് ഏരിയകളും വാഹന പരിശോധന പോയിന്റുകളും സജ്ജീകരിച്ചിട്ടുണ്ട്. പൊങ്കാല മഹോത്സവത്തിനിടയ്ക്ക് കാണാതാവുന്ന ആളുകളെ കണ്ടെത്തുന്നതിനും മെഡിക്കൽ എമർജൻസികൾ നേരിടുന്നതിനും പ്രത്യേക ശ്രദ്ധ നൽകും. ഡ്രോണുകൾ ഉപയോഗിച്ചുള്ള പരിശോധനയും ഉണ്ടാകും.

ഇത്തവണത്തെ പൊങ്കാലയ്ക്ക് ചരിത്രത്തിൽ ആദ്യമായി ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് വനിതാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നു എന്നത് ശ്രദ്ധേയമാണ്. 450 ജീവനക്കാരെ വിന്യസിക്കുന്നതിൽ 50 പേർ വനിതകളാണ്. രണ്ട് സെക്ടറുകളായി തിരിഞ്ഞാണ് ഫയർ ആന്റ് റസ്ക്യൂ ടീം പ്രവർത്തിക്കുക. രണ്ട് കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. 44 ഫയർ റസ്ക്യൂ എൻജിനുകൾ സജ്ജമാക്കും. ഹൈ പ്രഷർ പമ്പിംഗ് യൂണിറ്റും സജ്ജമാക്കും.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പൊങ്കാല ദിവസം 10 മെഡിക്കൽ ടീമുകൾ അധികമായി പ്രവർത്തിക്കും. കുത്തിയോട്ട ദിവസങ്ങളിൽ ശിശുരോഗവിദഗ്ധൻ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം ഉറപ്പാക്കും. ചൂട് വർദ്ധിച്ച് അസുഖങ്ങൾ പിടിപെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി ക്ഷേത്രത്തിന് പരിസരത്ത് 10 സ്ഥലങ്ങളിൽ കൂളറുകൾ സ്ഥാപിക്കും. പൊങ്കാല മഹോത്സവത്തിന് എല്ലാ ദിവസങ്ങളിലും കൺട്രോൾ റൂം പ്രവർത്തിക്കും.

10 ആംബുലൻസുകൾ ക്രമീകരിച്ചിട്ടുണ്ട്. അധികമായി ആംബുലൻസുകൾ വേണ്ടി വന്നാൽ സജ്ജമാക്കുന്നതിന് സ്വകാര്യ ആശുപത്രികൾക്ക് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. പെട്ടെന്നുള്ള അപകടങ്ങൾ നേരിടുന്നതിന് അധിക സൗകര്യങ്ങൾ ഒരുക്കാൻ മെഡിക്കൽ കോളേജ് അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാർച്ച് 12ന് 6 മണി മുതൽ 13ന് വൈകിട്ട് 6 മണി വരെ ഡ്രൈ ഡേ കർക്കശമായി നടപ്പാക്കുമെന്ന് എക്സൈസ് വകുപ്പ് അറിയിച്ചു. ആറ്റുകാൽ ക്ഷേത്രത്തിന് സമീപമായി എക്സൈസ് കൺട്രോൾ റൂം തുറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അവിടെ വനിതാ ജീവനക്കാരെ ഉൾപ്പെടുത്തി ഭക്തജനങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ഗ്രൗണ്ടിൽ വിമുക്തിയുടെ ഒരു സ്റ്റാൾ തുറക്കും. സ്റ്റാൾ മാർച്ച് 5 മുതൽ പ്രവർത്തന സജ്ജമാകും. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വിമുക്തിയെ കുറിച്ച് പഠിക്കാനുള്ള അവസരമൊരുക്കും. എക്സൈസ് ഇന്റലിജിൻസ് ടീമും ഷാഡോ ടീമും ഗ്രൗണ്ടിലും ക്ഷേത്ര പരിസരങ്ങളിലും രാത്രിയും പകലും നിരീക്ഷണം നടത്തും.

സംസ്ഥാന ദുരന്ത നിവാരണ അതോരിറ്റി ചൂടും മഴയുമായി ബന്ധപ്പെട്ടുള്ള മുന്നറിയിപ്പുകൾ ജനങ്ങളിലേക്ക് എത്തിക്കാനായി പ്രത്യേകമായ കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. കൺട്രോൾ റൂമിൽ നിന്നും വിവരങ്ങൾ ഡിസ്ട്രിക്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിൽ വരികയും അവിടുന്ന് താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററിലേക്ക് കൈമാറുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

20 ബസുകൾ ചെയിൻ സർവീസ് ആയി ഈസ്റ്റ് ഫോർട്ടിൽ നിന്ന് ക്ഷേത്രത്തെ ബന്ധിച്ചു കൊണ്ട് സർവീസ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കെ.എസ്.ആർ.ടി.സി ചെയ്തിട്ടുണ്ട്. ഏഴുനൂറോളം ബസുകൾ പൊങ്കാല ദിവസം തിരുവനന്തപുരം നഗരത്തിൽ നിന്ന് വിവിധ ഭാഗങ്ങളിലേക്ക് പുറപ്പെടുന്ന രീതിയിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. കേരളത്തിൽ വിവിധ ഇടങ്ങളിൽ നിന്നും ബഡ്ജറ്റ് ടൂറിന്റെ ഭാഗമായി നാലായിരത്തോളം സ്ത്രീകളെ തിരുവനന്തപുറത്ത് എത്തിച്ചു പൊങ്കാല ഇടാനുള്ള സൗകര്യങ്ങളും അവർക്കുള്ള ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ഭക്ഷ്യസുരക്ഷായുമായി ബന്ധപെട്ട് മറ്റ് ജില്ലകളിൽ നിന്നുമുള്ള ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. സ്ക്വാഡ് മാർച്ച് 5 മുതൽ പൊങ്കാല കഴിയുന്നത് വരെ സജീവമായിരിക്കും. അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് പരിശോധനക്ക് വേണ്ടി സാമ്പിളുകൾ ലാബിൽ നൽകിയിട്ടുണ്ട്.

# പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ അദാലത്ത്

**കൊച്ചി:** സംസ്ഥാന പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷന്റെ നേതൃത്വത്തിൽ ജില്ലയിൽ പരാതി പരിഹാര അദാലത്ത് സംഘടിപ്പിക്കുന്നു. മാർച്ച് 13, 14 തീയതികളിൽ എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ 10.30 മുതൽ വൈകിട്ട് അഞ്ചു വരെയാണ് അദാലത്ത് നടത്തുന്നത്. കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, ടി.കെ വാസു എന്നിവർ അദാലത്തുകൾക്ക് നേതൃത്വം നൽകും.

പട്ടികജാതി പട്ടിക ഗോത്ര വർഗക്കാരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും എതിർ കക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും. അതോടൊപ്പം പുതിയ പരാതികൾ സ്വീകരിക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും.

പരാതി പരിഹാര അദാലത്തിൽ പോലീസ്, റവന്യു, വനം, വിദ്യാഭ്യാസ, പഞ്ചായത്ത്, ആരോഗ്യം, സഹകരണം, പട്ടികജാതി പട്ടികവർഗ വികസനം തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും.

# ലഹരി ഉപയോഗം: മരട് നഗരസഭയിൽ പരിശോധന ശക്തമാക്കി ആരോഗ്യ വിഭാഗം

**കൊച്ചി:** മരട് നഗരസഭയുടെ കണ്ണാടിക്കാട്, നെട്ടൂർ, മരട് , കുണ്ടന്നൂർ പ്രദേശങ്ങളിൽ അനധികൃതമായി വില്പനയ്ക്ക് സൂക്ഷിച്ചിരുന്ന നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി നഗരസഭ ആരോഗ്യവിഭാഗം. ഏകദേശം 10 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങളാണ് പിടികൂടിയത്.

പ്രദേശങ്ങളിൽ ഇതര സംസ്ഥാന ആളുകളെ ഉപയോഗിച്ചാണ് പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിവരുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിച്ചുവരുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ലഹരി സംഘങ്ങളുടെ പ്രവർത്തനം. തുടർന്നുള്ള ദിവസങ്ങളിൽ ലഹരി വേട്ട തുടരുമെന്നും ആരോഗ്യത്തിന് ഹാനികരമാകുന്ന നിരോധിത പുകയില ഉൽപ്പനങ്ങൾ പിടിച്ചെടുത്തു കുറ്റക്കാരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുമെന്നും നഗരസഭ ചെയർമാൻ ആൻറണി ആശാംപറമ്പിൽ പറഞ്ഞു.

സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ പി എ ജേക്കബ്സൺ, ഹെൽത്ത് ഇൻസ്പെക്ടർമാരായ ഹുസൈൻ, അനീസ്, ഹനീസ് എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.




# കയർ ഭൂവസ്ത്ര സാധ്യതകൾ പരിചയപ്പെടുത്തി കയർ വികസന വകുപ്പ്

**കൊല്ലം:** കയർ ഉൽപ്പന്നങ്ങളുടെയും കയർ ഭൂവസ്ത്രത്തിന്റെയും പ്രാധാന്യവും വ്യത്യസ്ത രീതിയിലുള്ള ഉപയോഗവും ജനങ്ങളിലേക്ക് എത്തിക്കുകയാണ് കയർ വികസന വകുപ്പ്. കൊല്ലത്തെ കയർ ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള വഴികൾ, ഗുണങ്ങൾ എല്ലാം വിശദീകരിക്കുന്നു. കട്ടി കുറഞ്ഞ കയറുകൾ നിർമ്മിക്കുന്നതിനുള്ള ഓട്ടോമാറ്റിക് യന്ത്രങ്ങളെക്കുറിച്ചും ഈ രീതിയിൽ നിർമ്മിക്കുന്ന കയറുകൾ കൊണ്ടുള്ള ഉപയോഗങ്ങളെക്കുറിച്ചും മനസ്സിലാക്കിത്തരുന്നു. ഇത്തരം രീതിയിൽ നിർമ്മിക്കുന്നു കയറുകളാണ് ഭൂവസ്ത്ര നിർമ്മിതിക്ക് ഉപയോഗിക്കുന്നത്. കൃഷി, കയ്യാല, ജലാശയങ്ങൾ, വരമ്പുകൾ തുടങ്ങിയ ഇടങ്ങളിൽ ഉപയോഗിക്കുന്ന വ്യത്യസ്ത കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ രീതികൾ, മാതൃകകൾ മനോഹരമായി അവതരിപ്പിക്കുന്നു.

# മാലിന്യ സംസ്കരണ ശില്പശാലയും ബയോബിൻ വിതരണവും ഇന്ന്

**ആലപ്പുഴ:** നഗരത്തിലെ വാണിജ്യ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് നഗരസഭയുടെ ആഭിമുഖ്യത്തിൽ ഇന്ന് (മാർച്ച് 5ന്) ഏകദിന ശില്പശാലയും ബയോബിൻ വിതരണവും സംഘടിപ്പിക്കും. രാവിലെ ഒമ്പത് മണിക്ക് കർമ്മസദൻ പാസ്റ്ററൽ സെന്റർ ഹാളിൽ നടക്കുന്ന ശിൽപശാല പി പി ചിത്തരഞ്ജൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ടെക്നോളജി ആൻഡ് ഗവേർണൻസ് സപ്പോർട്ട് ഫോറം(ടാഗ്സ് ഫോറം), ടെക്നോളജി ഇൻഫോർമാറ്റിക്സ് ഡിസൈൻ എൻഡിവർ (ടയിഡ്) എന്നീ സ്ഥാപനങ്ങൾ ചേർന്ന് തയ്യാറാക്കിയ ആലപ്പുഴ നഗരസഭാ പരിധിയിലെ മാലിന്യ സംസ്കരണ രീതികളുടെ സമഗ്ര പഠന റിപ്പോർട്ട് പ്രകാശനവും എംഎൽഎ നിർവഹിക്കും. നഗരസഭ അധ്യക്ഷ കെ കെ ജയമ്മ അധ്യക്ഷയാകും. നഗരസഭ ഉപാധ്യക്ഷൻ പി എസ് എം ഹുസൈൻ, സ്ഥിരംസമിതി അധ്യക്ഷരായ എം ആർ പ്രേം, എ എസ് കവിത, എം ജി സതീദേവി, നസീർ പുന്നക്കൽ, ആർ വിനിത, നഗരസഭ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

# മഹാകവി ജി സ്മാരകത്തിനു നേരെ സാമൂഹിക വിരുദ്ധരുടെ ആക്രമണം

**കൊച്ചി:** കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിൽ മറൈൻ ഡ്രൈവിൽ എബ്രഹാംമടമാക്കൽ റോഡിൽ സ്ഥിതി ചെയ്യുന്ന മഹാകവി ജി സ്മാരക സാംസ്കാരിക കേന്ദ്രത്തിനു നേരെ സാമൂഹിക വിരുദ്ധരുടെ ആക്രമണം. കഴിഞ്ഞ ദിവസം രാത്രിയിലാണ് വൈദ്യുതി സംവിധാനത്തിന്റെ ഭാഗമായുള്ള ഇരുപതോളം ലൈറ്റ് പോയിന്റുകളും അനുബന്ധ സംവിധാനങ്ങളുമാണ് പ്രധാനമായും നശിപ്പിച്ചത്. കൂടാതെ വാട്ടർ ലൈനുകൾ നശിപ്പിക്കുകയും മറ്റ് സംവിധാനങ്ങൾ നശിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു.മുഴുവൻ സമയം സെക്യൂരിറ്റി സേവനമുള്ള സാംസ്കാരിക കേന്ദ്രത്തിൽ അർദ്ധരാത്രി പന്ത്രണ്ട് മണിക്ക് ശേഷമാണ് സംഭവം നടന്നത്. ശബ്ദം കേട്ട് സെക്യൂരിറ്റി ജീവനക്കാർ എത്തുമ്പോഴേക്കും അക്രമികൾ സ്ഥലത്തുനിന്ന് പോയിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് സംഭവസ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തു. നഗരമധ്യത്തിലുള്ള സുപ്രധാനമായ ഒരു പൊതു സ്ഥാപനത്തിന് നേരെ നടന്ന അക്രമം ഗൗരവമായി കണ്ട് സമഗ്ര അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് കൊച്ചി നഗരസഭ സെക്രട്ടറി പോലീസിൽ പരാതി സമർപ്പിച്ചിട്ടുണ്ട്.

# വനിതകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി മാർച്ച് 11ന് ഹെൽത്തി ഡ്രിങ്ക്സ്, സ്ക്വാഷ് എന്നിവയിലും മാർച്ച് 17, 18 തീയതികളിൽ അഡ്വാൻസ്ഡ് ബേക്കറി ഉൽപന്നങ്ങളിലും പരിശീലനം നൽകുന്നു. ആലുവ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക; 9072600771, 04843548159

# ആമസോണിന് 15000 പിഴയിട്ട് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

**കൊച്ചി:** ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിച്ച് അധിക വില ഈടാക്കിയ ഇകൊമേഴ്സ് സ്ഥാപനമായ ആമസോണിന് 15,000 രൂപ പിഴ ചുമത്തി എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ. എറണാകുളത്തെ അഭിഭാഷകനും നോട്ടറിയുമായ കെ.എ. അലക്സാണ്ടർ സമർപ്പിച്ച പരാതിയിലാണ് കമ്മീഷന്റെ ഉത്തരവ്.

ചുവന്ന നിറത്തിലുള്ള 100 നോട്ടറി ലേബൽ ഓൺലൈനിൽ പരാതിക്കാരൻ ഓർഡർ ചെയ്തു.എന്നാൽ ഉൽപ്പന്നം വാങ്ങിയപ്പോൾ 450 രൂപ നൽകാൻ നിർബന്ധിതനായി.100 നോട്ടറി സിംബലിന് 98 രൂപയാണ് നൽകേണ്ടതെന്ന് പിന്നീട് പരാതിക്കാരന് ബോധ്യപ്പെട്ടു.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം നൽകി കബളിപ്പിക്കുകയാണ് എതിർ കക്ഷി ചെയ്തതെന്ന് ബോധ്യമായപ്പോഴാണ് പരാതിക്കാരനായ അഭിഭാഷകൻ ഉപഭോക്തൃ കമ്മീഷനെ സമീപിച്ചത്.

ഡിസ്കൗണ്ട് നിരക്ക് പരസ്യം ചെയ്ത് പിന്നീട് അധിക തുക ഈടാക്കി ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിക്കുന്നത് അധാർമികമായ വ്യാപാര രീതിയാണെന്ന് ഡി.ബി ബിനു അധ്യക്ഷനും, വി രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിലയിരുത്തി. പരാതിക്കാരനോട് അധികമായി വാങ്ങിയ 352/ രൂപ തിരിച്ചു നൽകണം. കൂടാതെ 10,000/ രൂപ നഷ്ടപരിഹാരവും 5,000/ രൂപ കോടതി ചെലവും 45 ദിവസത്തിനകം എതിർകക്ഷി പരാതിക്കാരൻ നൽകണമെന്ന് കമ്മീഷൻ ഉത്തരവ് നൽകി.പരാതിക്കാരനു വേണ്ടി അഡ്വ. ആർ രാജ രാജവർമ്മ കമ്മീഷൻ മുമ്പാകെ ഹാജരായി.

# പിണവൂർകുടി ആദിവാസി നഗറിന്റെ സമഗ്ര വികസനത്തിന് ഒരു കോടി അനുവദിച്ചു

**കൊച്ചി:** കുട്ടമ്പുഴ പഞ്ചായത്തിലെ പിണവൂർകുടി ആദിവാസി നഗറിന്റെ സമഗ്ര വികസനത്തിനായി ഒരു കോടി രൂപ അനുവദിച്ചതായി ആന്റണി ജോൺ എം.എൽ.എ അറിയിച്ചു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്.

ഇതേ പദ്ധതിയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ എളംബ്ലാശ്ശേരി, തേര ആദിവാസി നഗറിലും കഴിഞ്ഞ സ4ക്കാരിന്റെ കാലത്ത് ഒരു കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിയിരുന്നു. നിലവിൽ മാമലക്കണ്ടം മേട്നാംപാറ ആദിവാസി നഗറിനും ഒരു കോടി രൂപ അനുവദിച്ചുള്ള പ്രവർത്തികൾ ഇപ്പോൾ നടന്നുവരികയാണ്. കൂടാതെ കീരംമ്പാറ പഞ്ചായത്തിലെ ഏറുപുറം എസ്.സി നഗർ, കോട്ടപ്പടി പഞ്ചായത്തിലെ മുണ്ടൂർ എസ്.സി നഗർ എന്നിവയുടെ നവീകരണത്തിനായി ഒരു കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ കഴിഞ്ഞ സ4ക്കാരിന്റെ കാലത്ത് നടപ്പാക്കിയിരുന്നു.

ഇതിന് പുറമേയാണ് ഇപ്പോൾ പിണവൂർകുടി ആദിവാസി നഗറിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത്. ഊരു കൂട്ടം ചേർന്ന് നടപ്പിലാക്കേണ്ട വികസന പദ്ധതികളെ കുറിച്ച് ചർച്ചചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്നും എം.എൽ.എ പറഞ്ഞു.

# ട്രെയിനി ലാബ് ടെക്നീഷ്യൻ നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ലബോറട്ടറിയിൽ താൽകാലികമായി ട്രെയിനി ലാബ് ടെക്നീഷ്യന്മാരെ നിയമിക്കുന്നു. യോഗ്യത പ്ലസ് ടു സയ9സ്, ഡി.എം.എൽ.ടി അണ്ടർ ഡി.എം.ഇ അല്ലെങ്കിൽ തത്തുല്യം. പ്രായ പരിധി 35 വയസിൽ താഴെ.

താൽപര്യമുള്ളവർ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പത്തോളജി ലാബിൽ മാർച്ച് 12ന് രാവിലെ 10.30 ന് എത്തി ചേരണം.




ഗുരുധർമ്മപ്രചരണ സഭ ശിവഗിരി മഠത്തിൽ സംഘടിപ്പിച്ച ധർമ്മപ്രചാരക പഠന ക്ലാസിൽ കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസിലർ ഡോ. പി. ചന്ദ്രമോഹൻ ക്ലാസ് നയിക്കുന്നു. പുത്തൂർ ശോഭനൻ, കെ. ടി. സുകുമാരൻ, സച്ചിദാനന്ദസ്വാമി, ഡോ. സനൽ കുമാർ, കുറിച്ചി സദൻ, സ്വാമി അസംഗാനന്ദഗിരി, ഇ.എം. സോമനാഥൻ തുടങ്ങിയവർ സമീപം.

# സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ലഹരി ഉപയോഗവും അക്രമവും

**ശിവഗിരി:** സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ലഹരി ഉപയോഗവും അതിലൂടെ രൂപപ്പെടുന്ന അക്രമവും ആണെന്നും ഇവ പരസ്പര പൂരകമെന്നും മുൻ കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറും ശിവഗിരി മഠം ഗുരുധർമ്മ പ്രചരണ സഭ കേന്ദ്ര ഉപാധ്യക്ഷനുമായ ഡോ.പി. ചന്ദ്രമോഹൻ അഭിപ്രായപ്പെട്ടു. ശിവഗിരി മഠത്തിൽ ഗുരുധർമ്മ പ്രചരണ സഭ സംഘടിപ്പിച്ച ഗുരുധർമ്മ പ്രചാരക പരിശീലന ക്ലാസിൽ ലഹരി മുക്തി ഗുരുദേവദർശനത്തിൽ എന്ന വിഷയത്തിൽ പഠന ക്ലാസ് നയിക്കുകയായിരുന്നു അദ്ദേഹം.

ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചു തുടങ്ങിയാൽ സമയാസമയങ്ങളിൽ അവ ഉപയോഗിക്കണ മെന്നുള്ള ആഗ്രഹം ജനിപ്പിക്കും. ലഹരി ഉപയോഗിക്കുന്നവരുടെ മാനസിക നിലയിൽ മാറ്റം വരും. മനുഷ്യനെ മൃഗതുല്യരാക്കും. സഹജീവികളെ കൊല്ലുന്നതിനു പോലും മടിയില്ലാത്തവരായി തീരും ഇക്കൂട്ടർ. ഗുണകരമായതൊന്നും മദ്യത്തിൽ നിന്നും ലഭിക്കുന്നില്ല എന്നും, മറിച്ച് ദോഷങ്ങളെ ഉള്ളൂ എന്നും പൊതുസമൂഹം തിരിച്ചറിഞ്ഞ് മദ്യലഭ്യത ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ തുടരണം. മദ്യപിക്കുന്ന പിതാവിന്റെയും മാതുലന്റെയും അധ്യാപകൻറെയും രീതി മക്കളെയും വിദ്യാർത്ഥികളെയും മദ്യപാനികൾ ആകാൻ പ്രേരിപ്പിക്കുന്നു.

പുകയില മുറുക്കുന്നവരിലേക്കും പുകവലിക്കുന്നവരിലേക്കും ക്യാൻസർ വ്യാപകമായി കടന്നുവരുന്നു. പുകയിലയും പാക്കും ദോഷവസ്തുക്കളാണ്. കവിളിലും നാക്കിലും തൊണ്ടയിലും മുൻപ് കാണാൻ കഴിഞ്ഞിരുന്ന ക്യാൻസർ ഇന്ന് ഭക്ഷ്യവസ്തുക്കളിൽ കൂടി വ്യാപകമാവുകയാണ്. പച്ചക്കറികളിൽ ഉപയോഗിക്കുന്ന വിഷം മാരകമാണ്. മൂന്ന് തവണയെങ്കിലും നന്നായി കഴുകിയേ പച്ചക്കറി ഇനങ്ങൾ ഉപയോഗിക്കാവൂ. മദ്യപാനം കണ്ടുകൊണ്ടിരിക്കുന്ന ബാല്യം അത് ഉപയോഗിക്കാൻ പ്രേരിതരാകുമ്പോൾ വിദ്യാലയങ്ങളിൽ മറ്റും അക്രമം നിത്യസംഭവമാകുന്നു. കൊലപാതകങ്ങൾ വരെ വിദ്യാർത്ഥികളിലൂടെ സംഭവിക്കുന്ന കാഴ്ചയാണ് സമീപകാലത്തുണ്ടായത്. ഈ സാമൂഹിക വിപത്തിനെ ഇല്ലാതാക്കാൻ സമൂഹം ഒന്നാകെ രംഗത്ത് വരണമെന്നും ശ്രീനാരായണ ഗുരുദേവൻറെ പേരിലുള്ള എല്ലാ പ്രസ്ഥാനങ്ങളും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമാകണമെന്നും ഗുരു ഉപദേശിച്ച പോലെ മദ്യനിർമ്മാണം, ഉപയോഗം, വിതരണം ഇവ ഗുരുഭക്തരിൽ നിന്നും ഉണ്ടാകരുതെന്നും ഡോ. ചന്ദ്രമോഹൻ തുടർന്നുപറഞ്ഞു. നേരത്തെ ഡോ. സനൽ കുമാർ, കുറിച്ചി സദൻ, പുത്തൂർ ശോഭനൻ, ഇ.എം. സോമനാഥൻ തുടങ്ങിയവരും ക്ലാസുകൾ നയിച്ചു. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദസ്വാമി, സഭാ രജിസ്ട്രാർ കെ. ടി. സുകുമാരൻ തുടങ്ങിയവർ സമാപന സന്ദേശം നൽകി.

# കൊല്ലവർഷങ്ങളുടെ രേഖപ്പെടുത്തലുമായി കൊല്ലം @75 പി ആർ ഡി തീം സ്റ്റാൾ

**കൊല്ലം:** കൊല്ലത്തിന്റെ പഴമയും പെരുമയും പുതുമയും കൺമുന്നിൽ നിറയുന്ന കാഴ്ചകളുമായി ആശ്രാമം മൈതാനിയിയിലെ കൊല്ലം @75 പ്രദർശന വിപണ മേളയിലെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ തീം സ്റ്റാൾ. പ്രദർശനവേദിയുടെ പ്രവേശന കവാടം കടന്നാലുടൻ തന്നെ കൊല്ലത്തിന്റെ ഗരിമ വിവരിച്ചു കൊണ്ടുള്ള 1500 ചതുരശ്ര അടിയുള്ള തീം എരിയയാണ് സന്ദർശകരെ വരവേൽക്കുന്നത്. കൊല്ലത്തിന്റെ രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക, കലാ രംഗത്തെ ചരിത്രവും വർത്തമാനവും രേഖപ്പെടുത്തിയുള്ള എൽ.ഇ. ഡി, സ്മാർട്ട് സ്ക്രീൻ പ്രദർശനങ്ങളാണ് വേദിയെ ആകർഷണവും വിജ്ഞാനദായകവും കൗതുക പൂർണവുമാക്കുന്നത്.

പൂർണമായും എൽ ഇ ഡി സ്ക്രീനുകളാൽ നിർമിതമായ പ്രവേശന കവാടത്തിൽ കൊല്ലം ജില്ലയുടെ പ്രധാനപ്പെട്ട സ്ഥലങ്ങൾ മിന്നി മറയും. തൊട്ടടുത്ത് ഗോളാകൃതിയിൽ ഒരുക്കിയ ദൃശ്യങ്ങളിൽ കൊല്ലത്തിന്റെ കലാമേഖലയെ ധന്യമാക്കിയ ഒഎൻവിയും ജയനും സദാശിവനും പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളായ പുനലൂർ തൂക്കുപാലവും ജഡായു പാറയും കണ്ണറ പാലവുമെല്ലാം നിറഞ്ഞു നിൽക്കുന്നു. കൊല്ലത്തിന്റെ പെരുമ വിളിച്ചറിയിക്കുന്ന പബ്ലിക് ലൈബ്രറി, ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, ശക്തികുളങ്ങര ഹാർബർ, ലൈറ്റ് ഹൗസ്, കൊല്ലം ബൈപ്പാസ്, തെന്മല ഡാം, ടൈറ്റാനിയം തുടങ്ങിയ കൊല്ലത്തിന്റെ ബിംബങ്ങൾ ,കൊല്ലത്തെ പറ്റി മാർക്കോ പോളോയും ഇബ്ൻ ബത്തൂത്തയും രേഖപ്പെടുത്തിയ ചരിത്രപ്രസിദ്ധമായ വാക്കുകളും 2018ലെ പ്രളയകാലത്ത് കേരളത്തെ രക്ഷിച്ച മത്സ്യ തൊഴിലാളികളുടെ കൊല്ലം മോഡലും വേലുത്തമ്പി ദളവയുടെ 1809 ൽ നടന്ന കുണ്ടറ വിളംബരവും കൊല്ലത്തിന്റെ ചരിത്രത്തിൽ നിറയുന്നു.

ജില്ലയുടെ രൂപീകരണകാല മുതലുള്ള ചരിത്രം, കൊല്ലവും കൊല്ലവർഷവും തമ്മിലുള്ള ബന്ധം, പറങ്കികൾക്കും ഡച്ചുകാർക്കും കൊല്ലവുമായുള്ള ബന്ധം, കൊല്ലത്തെ പ്രധാനപ്പെട്ട ഭരണാധികാരികൾ എല്ലാം തന്നെ സെൻസർ ഉപയോഗിച്ചുകൊണ്ടുള്ള പീലിംഗ് ബുക്കിലൂടെ വായിക്കാൻ കഴിയും. നാടക പ്രസ്ഥാനത്തിനു കരുത്ത് പകർന്ന കൊല്ലത്തിന്റെ പ്രധാനമുഖങ്ങളായ പി ജെ ആന്റണി, രാജഗോപാലൻ നായർ, വയലാർ രാമവർമ്മ, തോപ്പിൽ ഭാസി, ഒ മാധവൻ, കെപിഎസി ലളിത , കെപിഎസി സുലോചന വിജയകുമാരി അമ്മ സാംസ്കാരിക തനിമയ്ക്ക് മാറ്റുകൂട്ടിയ അഴകത്ത് പത്മനാഭ കുറു പ്പ്, കെസി കേശവപിള്ള, ഓച്ചിറ ശങ്കരൻകുട്ടി, ഓയൂർ കൊച്ചു ഗോവിന്ദൻപിള്ള, മടവൂർ വാസു ദേവൻ നായർ, ചവറ പാറുക്കുട്ടി, കലാമണ്ഡലം ഗംഗ, കലാമണ്ഡലം ഗംഗാധരൻ, തോന്നയ്ക്കൽ പീതാംബരൻ, കലാമണ്ഡലം രാജശേഖരൻ, ഫാക്ട് ചന്ദ്രശേഖരൻ, കലാമണ്ഡലം രതീഷൻ, കൊട്ടാരക്കര ഭദ്ര എന്നിവർ എൽഇഡി സ്ക്രീനുകളിൽ നിറഞ്ഞുനിൽക്കുന്നു. കഥാപ്രസംഗ കലാകാരൻ സാംബശിവൻ, കായിക രംഗത്തെ പ്രമുഖ വ്യക്തികളായ ജീ രവീന്ദ്രൻ നായർ, ഡി ചന്ദ്രലാൽ, പോളച്ചിറ രാമചന്ദ്രൻ, ജിൻസൺ വർഗീസ്, ടിസി യോഹന്നാൻ, ഡി സുരേഷ് ബാബു , കെ കെ ഗോപാലകൃഷ്ണൻ, കൃഷ്ണ അജയൻ , ടൈറ്റസ് കുര്യൻ ടിനു യോഹന്നാൻ എന്നു തുടങ്ങി നിരവധി പ്രമുഖരുടെ അടയാളപ്പെടുത്തൽ കൂടിയാവുകയാണ് തീം സ്റ്റാൾ. പ്രധാനപ്പെട്ട മന്ത്രിമാർ, അവരുടെ വകുപ്പുകൾ, ഭരണകാലയളവ്, നിലവിലെ മന്ത്രിമാർ,അവരുടെ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്ന ഫ്ലക്സ് ബോർഡും സ്ഥാപിച്ചിട്ടുണ്ട്.താലൂക്കുകൾ,കൃഷി,ഭൂമിശാസ്ത്രം ,വനമേഖല, കാലാവസ്ഥ, ജലസമ്പത്ത്,വിനോദസഞ്ചാര മേഖല തൊഴിൽ,വ്യവസായം എന്നിങ്ങനെ കൊല്ലത്തെ അറിയാനുള്ള എല്ലാ വിവരങ്ങളും ഞൊടിയിടയിൽ ടച്ച് സ്ക്രീൻ ഡിസ്പ്ലേയിലൂടെ വിരൽ തുമ്പിൽ ലഭ്യമാവും.




# ഹൈഡ്രജൻ ട്രക്ക് പരീക്ഷണവുമായി ടാറ്റാ മോട്ടോർസ്

**കൊച്ചി:** 2070 ഓടെ നെറ്റ് സീറോ എമിഷനിൽ എത്തിച്ചേരുക എന്ന ലക്ഷ്യത്തിന് നാഴികക്കല്ലായ മാറ്റത്തിന് തുടക്കം കുറിച്ച് ടാറ്റാ മോട്ടോഴ്സ്. രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ, അവരുടെ ആദ്യത്തെ ഹൈഡ്രജൻ പവർ ഹെവി ഡ്യൂട്ടി ട്രക്കുകളുടെ പരീക്ഷണ യാത്ര ആരംഭിച്ചു. ദീർഘദൂര ചരക്ക് ഗതാഗത്തിലേക്കുള്ള വളരെ പ്രധാനപ്പെട്ട ചുവടുവെപ്പന്ന രീതിയിൽ അടയാളപ്പെടുത്തുന്ന ഈ ചരിത്രപരമായ പരീക്ഷണം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രി നിതിൻ ഗഡ്കരി, കേന്ദ്ര പുനരുപയോഗ, ഊർജ്ജ മന്ത്രി പ്രഹ്ലാദ് ജോഷി എന്നിവർ ഫ് ളാഗ് ഓഫ് ചെയ്തു. ഊർജ്ജസ്വയം പര്യാപ്തതയെ വർധിപ്പിച്ച് കാർബൺ പുറന്തള്ളൽ കുറച്ചു കൊണ്ടും ഇന്ത്യയുടെ ഗതാഗത മേഖലയെ മാറ്റിമറിക്കാൻ ശേഷിയുള്ള ഭാവിയിലെ ഇന്ധനമാണ് ഹൈഡ്രജനെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഇത്തരം സംരംഭങ്ങൾ ഹെവി ഡ്യൂട്ടി ട്രക്കിങ്ങിലെ സുസ്ഥിര ഗതാഗത സംവിധാനത്തെ ത്വരിതപ്പെടുത്താനും കാര്യക്ഷമവും ഒപ്പം കാർബൺ ഗമനം കുറഞ്ഞ ഒരു ഭാവി സൃഷ്ടിക്കാനും സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ ഭാഗമായ ഈ സംരംഭം, ആഗോള കാലാവസ്ഥാ ലക്ഷ്യങ്ങൾക്ക് സംഭാവന നൽകിക്കൊണ്ട് പുത്തൻ മാറ്റങ്ങൾക്ക് നേതൃത്വം നൽകി ഇന്ത്യയുടെ ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനുള്ള നമ്മുടെ പ്രതിബദ്ധതയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്ര ന്യൂ ആൻഡ് റിന്യൂവൽ എനർജി മന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു. ഹൈഡ്രജൻ ഇന്റേണൽ കംബഷൻ എൻജിൻ , ഹൈഡ്രജൻ ഫ്യൂവൽസൽ ഇലക്ട്രിക് വെഹിക്കിൾ എന്നീ സാങ്കേതിക വിദ്യകളാണ് ഫ് ളാഗ് ഓഫ് ചെയ്ത വാഹനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ടാറ്റാ മോട്ടോഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഘ് പറഞ്ഞു. ഇതിൽ രണ്ട് ടാറ്റാ പ്രൈമ എച്ച്. 55 എസ് പ്രൈം മൂവറുകൾ ആണ് ഉള്ളത്.H2 ICE പവർഡായ ഒന്നും അഡ്വാൻസ് H2 ICE ട്രക്കായ ടാറ്റ പ്രൈമ എച്ച്.28നോടൊപ്പമുള്ള എഫ് സി ഇ വി യും. 300500 കിലോമീറ്റർ പ്രവർത്തന പരിധിയുള്ള ഈ വാഹനങ്ങൾ സുസ്ഥിരവും ചിലവ് കുറഞ്ഞതും ഉയർന്ന പ്രവർത്തന ക്ഷമതക്കും രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ്. പുതുതായി അവതരിപ്പിച്ച പ്രീമിയം പ്രൈമ ക്യാബിനും അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റ് ഫീച്ചറുകളും ഇത്തരം വാഹനങ്ങളിലെ പുതിയ സുരക്ഷ മാറ്റങ്ങളാണ്. ബാറ്ററി ഇലക്ട്രിക് ,സിഎൻജി, എൽ എൻ ജി, ഹൈഡ്രജൻ ഇന്റേണൽ കംബഷൻ, ഹൈഡ്രജൻ ഫ്യൂവൽ സെൽ എന്നിങ്ങനെ ബദൽ ഇന്ധന സംവിധാനങ്ങൾ കൊണ്ടുവരുന്നതിൽ ടാറ്റ മോട്ടോഴ്സ് എന്നും മുൻപന്തിയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# വർമ്മ നോർത്ത്‌ലൈറ്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ തൃപ്പൂണിത്തുറ വടക്കേക്കോട്ടയിലുള്ള വർമ്മ നോർത്ത്‌ലൈറ്റിന്റെ ഉദ്ഘാടനം നടന്നു. പ്രൊജക്ട് സൈറ്റിൽ നടന്ന ചടങ്ങിൽ വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ ഉദ്ഘാടനം നിർവഹിച്ചു. മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മയുടെ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, തൃപ്പൂണിത്തുറ നഗരസഭ 44ാം വാർഡ് കൗൺസിലർ സൗമ്യ മജേഷ്, ഓപ്പറേഷൻസ് ഹെഡ് വൈശാഖ് വർമ്മ, ആർക്കിടെക്ട് വൈശാഗ് ജോസഫ്, തൃപ്പൂണിത്തുറ നഗരസഭ 41ാം വാർഡ് കൗൺസിലർ പി കെ പീതാംബരൻ, സീനിയർ മാനേജർ ആന്റ് എച്ച് ആർ ജിതേഷ് കെ എസ്, മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ ജനറൽ മാനേജർ സുരേഷ് ടി എസ്, ഡോ. അജയ കുമാർ, തൃപ്പൂണിത്തുറ നഗരസഭ 40ാം വാർഡ് കൗൺസിലർ ജയ പരമേശ്വരൻ, പ്ലാനിംഗ് മാനേജർ ആരതി വർമ്മ തുടങ്ങിയവർ പങ്കെടുത്തു.

# മന്ത് രോഗ ചികിത്സാ ക്യാമ്പുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക ലിംഫെഡിമ ദിനാചരണത്തിന്റെ ഭാഗമായി ഈ മാസം 5 മുതൽ 12 വരെ മന്ത് രോഗ ചികിത്സാ ക്യാമ്പുമായി ആസ്റ്റർ മെഡ്സിറ്റി. ആശുപത്രിയിലെ പ്ലാസ്റ്റിക്, റീകൺസ്ട്രക്ടീവ് ആൻഡ് ഏസ്തെറ്റിക്ക് സർജറി വിഭാഗം സംഘടിപ്പിക്കുന്ന ക്യാമ്പിൽ ഡോക്ടർ കൺസൾട്ടേഷനിൽ 50% ഇളവും, ലിംഫെഡിമയുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് 30% പ്രത്യേക ഇളവും ലഭ്യമാണ്.ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8111998098 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്

# ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് മ്യൂചൽ ഫണ്ട് ആക്സിസ് നിഫ്റ്റി എഎഎ ബോണ്ട് ഫിനാൻഷ്യൽ സർവ്വീസസ് മാർ 2028 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. ഇത് നിക്ഷേപത്തിൻറെ 95 ശതമാനം മുതൽ 100 ശതമാനം വരെ സ്ഥിര വരുമാന പദ്ധതികളിൽ വകയിരുത്തി നേട്ടമുണ്ടാക്കാൻ ലക്ഷ്യമിടുന്നുവെന്ന് ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപ് കുമാർ പറഞ്ഞു. നിഫ്റ്റി എഎഎ ഫിനാൻഷ്യൽ സർവ്വീസസ് ബോണ്ട് മാർ 2028 ഇൻഡക്സിലെ സെക്യൂരിറ്റികളുമായി ബന്ധപ്പെട്ടാവും പദ്ധതിയുടെ നിക്ഷേപം. ഈ സൂചികയുമായി ബന്ധപ്പെട്ട വരുമാനം നിക്ഷേപകർക്കു പ്രദാനം ചെയ്യുകയും പദ്ധതിയുടെ ലക്ഷ്യമാണ്. ഈ ഓപ്പൺ എൻഡഡ് പദ്ധതി നിക്ഷേപകർക്ക് സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ്, സിസ്റ്റമാറ്റിക് വിത്ത്ഡ്രോവൽ സൗകര്യങ്ങളും നൽകുന്നുണ്ട്. കടപത്രങ്ങൾ വാങ്ങി കാലാവധി വരെ സൂക്ഷിക്കുന്ന രീതിയാവും പൊതുവിൽ ഈ ഫണ്ട് പിന്തുടരുക.തങ്ങളുടെ പാസ്സീവ് ഡെറ്റ് വിഭാഗത്തിലെ ഒരു സുപ്രധാന കൂട്ടിച്ചേർക്കലാണ് ഈ പദ്ധതിയെന്ന് ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപ് കുമാർ പറഞ്ഞു. സാമ്പത്തിക സേവന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എഎഎ റേറ്റിങ് ഉള്ള ഉയർന്ന നിലവാരമുള്ള വിഭാഗത്തിൽ നിക്ഷേപിക്കാനുള്ള അവസരമാണ് പുതിയ പദ്ധതി നിക്ഷേപകർക്കു നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സിഎംഎഫ്ആർഐയിൽ പെൻഷൻ അദാലത്ത് 10ന്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം (സി ഐ എഫ് ടി), കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം (സി ടി സി ആർ ഐ) എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുടെപെൻഷൻ സംബന്ധമായ പരാതികൾ തീർപ്പാക്കുന്നതിന് മാർച്ച് 10ന് രാവിലെ 11 ന് സിഎംഎഫ്ആർഐയിൽ പെൻഷൻ അദാലത്ത് സംഘടിപ്പിക്കും. പെൻഷൻ സംബന്ധമായ പരാതികൾ റിട്ടയർമെന്റ് വിവരങ്ങൾ സഹിതം pensioncmfri@gmail.com എന്ന വിലാസത്തിലേക്ക് ഇമെയിൽ ചെയ്യണം. ലഭിക്കേണ്ട അവസാന തീയതി മാർച്ച് 6.വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക www.cmfri.org.in




# സാംസംങ് ഗ്യാലക്സി എ 56 5ജി, എ 36 5ജി പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡ് ആയ സാംസങ്ങിന്റെ ഏറ്റവും പുതിയ സ്മാർട്ട് ഫോൺ ഗ്യാലക്സി എ 56 5ജി ഗ്യാലക്സി എ 36 5ജി എന്നിവ പുറത്തിറക്കി. സെക്യൂരിറ്റിയും മികച്ച പ്രൈവസി പ്രൊട്ടക്ഷനും പെർഫോമൻസിനും മുൻതൂക്കം കൊടുത്തുകൊണ്ട് പുത്തൻ ഡിസൈനിൽ ആണ് ഗാലക്സി എ സീരീസുകൾ വിപണിയിൽ എത്തുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.പ്രൈമറി സ്റ്റോറേജ് അപ്ഗ്രേഡ് ഓഫറിന് പുറമേ ഉപയോക്താവിന് സാംസങ് കെയർ പ്ലസ്, ഒരുവർഷ സ്ക്രീൻ പ്രൊട്ടക്ഷൻ വെറും 999 രൂപയ്ക്ക് ലഭ്യമാകും. ഇതിനു യഥാർത്ഥ വില 2999 രൂപയാണ്. കൂടാതെ ഗാലക്സി എ 56 ജിക്ക് 18 മാസം വരെയും ഗാലക്സി എ 36 5ജിക്ക് 16 മാസം വരെയും നോ കോസ്റ്റ് ഇഎംഐ ലഭിക്കും. കൂടാതെ തിരഞ്ഞെടുത്ത സേവനങ്ങൾക്ക് സാംസങ് വാലറ്റ് ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കൾക്ക് 400 രൂപ വരെ ആമസോൺ വൗച്ചറായി നേടാമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വ്യോമയാന രംഗത്ത് തൊഴിൽസാധ്യത കോഴ്സുകളുമായി സി.ഐ.എ.എസ്.എൽ അക്കാദമി

**കൊച്ചി:** വ്യോമയാന രംഗത്ത് ഏറെ തൊഴിൽ സാധ്യതയേറിയ വ്യത്യസ്ത കോഴ്സുകളുമായി കൊച്ചി എയർപോർട്ടിന്റെ(സിയാൽ) ഉപ സ്ഥാപനമായ സി.ഐ.എ.എസ്.എൽ അക്കാദമി. കുസാറ്റിന്റെ അംഗീകാരമുള്ള പി.ജി ഡിപ്ലോമ ഇൻ ഏവിയേഷൻ മാനേജ്മെന്റ്, എയർക്രാഫ്റ്റ് റെസ്ക്യു ആൻഡ് ഫയർ ഫൈറ്റിങ്ങിൽ അഡ്വാൻസ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളായ എയർപോർട്ട് പാസഞ്ചർ സർവ്വീസ് മാനേജ്മെന്റ്, എയർപോർട്ട് റാംപ് സർവീസ് മാനേജ്മെന്റ് എന്നീ കോഴ്സുകളിലേക്കാണ് ഇപ്പോൾ പ്രവേശനം ആരംഭിച്ചിരിക്കുന്നത്. പി.ജി ഡിപ്ലോമ കോഴ്സുകൾ ഒരു വർഷം ദൈർഘ്യമുള്ളതും സർട്ടിഫിക്കറ്റ് കോഴ്സുകൾ ആറു മാസം ദൈർഘ്യമുള്ളതുമാണ്.

ഏവിയേഷൻ മാനേജ്മെന്റ്, എയർപോർട്ട് റാംപ് സർവ്വീസ്, പാസഞ്ചർ സർവ്വീസ് കോഴ്സുകൾക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. എയർക്രാഫ്റ്റ് റെസ്ക്യു ആൻഡ് ഫൈറ്റിങ് കോഴ്സിലേക്ക് സയൻസ് ഐച്ഛികവിഷയമായി പ്ലസ്ടു പാസായവർക്കും അപേക്ഷിക്കാം. ഈ കോഴ്സിന് ഫിസിക്കൽ ടെസ്റ്റും വിദ്യാർത്ഥികൾ പാസാകണം. ക്ലാസ് റൂം പഠനത്തിനൊപ്പം പ്രായോഗിക പരിശീലനത്തിന് മുൻതൂക്കം നൽകിയാണ് സിലബസ് വിഭാവനം ചെയ്തിരിക്കുന്നത്.

വിദ്യാർത്ഥികൾക്ക് ഏവിയേഷൻ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരിട്ട് കണ്ടും ചെയ്തും പഠിക്കാനുള്ള അവസരമാണ് സി.ഐ.എ.എസ്.എൽ അക്കാദമി ഒരുക്കുന്നതെന്ന് മാനേജിങ് ഡയറക്ടർ സന്തോഷ് ജെ പൂവത്തിൽ പറഞ്ഞു. ഇൻഡസ്ട്രിയിലെ മാറ്റങ്ങൾക്കനുസരിച്ച് തയാറാക്കിയിരിക്കുന്ന പാഠ്യപദ്ധതിയിലൂടെ തൊഴിലിടത്തിന് അനുയോജ്യമായ പ്രൊഫഷണലുകളെ വാർത്തെടുക്കുകയാണ് അക്കാദമിയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

കോഴ്സിന്റെ ഭാഗമായി വ്യക്തിത്വ വികസനം, സോഫ്റ്റ് സ്കിൽ, ആശയവിനിമയം എന്നിവയിൽ പ്രത്യേക പരിശീലനം നൽകും. കുസാറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പാഠ്യപദ്ധതിയും പരീക്ഷാ നടത്തിപ്പും കുസാറ്റ് അംഗീകൃത സർട്ടിഫിക്കറ്റുമാണ് ഈ കോഴ്സുകൾക്ക് നൽകുന്നത്. കേരളത്തിലെ സർവകലാശാല അംഗീകൃത ഏവിയേഷൻ കോഴ്സുകൾ നൽകുന്ന ഏക സ്ഥാപനമാണ് സിഐഎഎസ്എൽ അക്കാദമി. കൂടാതെ, കാനഡയിലെ ഇന്റർനാഷണൽ എയർപോർട്ട് കൗൺസിൽ അംഗീകാരവുമുണ്ട്. അതിനാൽ തന്നെ ആഗോളതലത്തിൽ ഏറെ പ്രാധാന്യമുള്ളതാണ് ഇവിടുത്തെ കോഴ്സുകൾ. ഓരോ കോഴ്സുകൾക്കും 50 സീറ്റുകൾ വീതമാണുള്ളത്. ഏപ്രിൽ 25 ന് നടക്കുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.



# ഐക്യൂ നിയോ 10ആർ വിപണിയിലേക്ക്

**ന്യൂഡൽഹി:** യുവ ഉപഭോക്താക്കളെയും ഗെയിമിംഗ് പ്രേമികളെയും ലക്ഷ്യമിട്ട് ഐക്യൂ തങ്ങളുടെ പുതിയ സ്മാർട്ട്ഫോണായ നിയോ 10 ആർ മാർച്ച് 11ന് വിപണിയിലിറക്കുന്നു. സ്നാപ്ഡ്രാഗൺ 8എ ജെൻ 3 പ്രോസസറുമായി എത്തുന്ന ഫോണിന് 1.7 ദശലക്ഷത്തിലധികം ആൻടുടു സ്കോർ ഉണ്ട്.തുടർച്ചയായി അഞ്ച് മണിക്കൂർ വരെ 90 എഫ്പിഎസ് ഗെയിമിംഗ് അനുഭവം നൽകുന്നതാണ് നിയോ 10 ആർ എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇന്ത്യയിലെ ഏറ്റവും കനം കുറഞ്ഞ 6400 എംഎഎച്ച് ബാറ്ററിയാണ് ഫോണിന്റെ മറ്റൊരു സവിശേഷത. 80 വാട്സ് ഫാസ്റ്റ് ചാർജിംഗ് സൗകര്യവും ഇതിലുണ്ട്. 1.5 കെ അമോലെഡ് ഡിസ്പ്ലേ, 50 എംപി മെയിൻ ക്യാമറ, 4 4കെ 60 എഫ്പിഎസ് വീഡിയോ റെക്കോർഡിംഗ് സൗകര്യം തുടങ്ങിയവ ഫോണിൽ ലഭ്യമാണ്.റേജിംഗ് ബ്ലൂ, മൂൺനൈറ്റ് ടൈറ്റാനിയം എന്നീ നിറങ്ങളിലാണ് ഐക്യൂ നിയോ 10ആർ വിപണിയിലെത്തുന്നതെന്നും അധികൃതർ പറഞ്ഞു.

# ഗ്രാൻഡ് ഷോപ്പ്സി മേള തുടങ്ങി

**തിരുവനന്തപുരം:** പ്രമുഖ ഹൈപ്പർവാല്യൂ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ഒന്നായ ഫ്ളിപ്കാർട്ടിന്റെ ഷോപ്പ്സി, ഈ വർഷത്തെ ഗ്രാൻഡ് ഷോപ്പ്സി മേളക്ക് തുടക്കമിട്ടു. ഫാഷൻ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, ലൈഫ്സ്റ്റൈൽ, സൗന്ദര്യ സാധനങ്ങൾ തുടങ്ങിയ മുൻനിര വിഭാഗങ്ങളിലായി വിപുലമായ ഉൽപ്പന്നങ്ങളാണ് പ്രത്യേക വിലക്കിഴിൽ ഗ്രാൻഡ് ഷോപ്പ്സി മേളയുടെ എട്ടാം പതിപ്പ് വാഗ്ദാനം ചെയ്യുന്നത്. 149ൽ താഴെ വിലയുള്ള 10 ലക്ഷത്തിലധികം ഉൽപ്പന്നങ്ങൾ ഷോപ്പ് ചെയ്യാൻ ഉപഭോക്താക്കൾക്ക് കഴിയുമെന്ന് ഫ് ളിപ്കാർട്ട് അവകാശപ്പെട്ടു. ഓരോ മണിക്കൂറിലും വിവിധ ഓഫറുകൾ ഉപഭോക്താക്കൾക്ക് വെറും ഒരു രൂപ മുതൽ നേടിയെടുക്കാമെന്നതാണ് മറ്റൊരു സവിശേഷത. മാർച്ച് 9നാണ് ഗ്രാൻഡ് ഷോപ്പ്സി മേള സമാപിക്കുന്നത്. ജെൻ സീ, മില്ലേനിയൽ ഷോപ്പർമാരുടെ പ്രിയപ്പെട്ട ഇടമായി ഗ്രാൻഡ് ഷോപ്പ്സി മേള മാറിയിട്ടുണ്ടെന്നും, ടയർ 2, ടയർ 3 മേഖലകളിൽ നിന്നുള്ള ഞങ്ങളുടെ ഉപഭോക്താക്കളിൽ ഏകദേശം 70% പേരും പുതിയ ഇടപാട് നടത്തുന്ന ഉപഭോക്താക്കളിൽ 90% പേരും മില്ലേനിയൽജെൻ സീ വിഭാഗത്തിൽ നിന്നാണെന്നും ഷോപ്പ്സിയുടെ ബിസിനസ് ഹെഡ് പ്രത്യുഷ അഗർവാൾ പറഞ്ഞു.




# ദേശീയ പുരസ്കാര നിറവിൽ കെഫോൺ; പി.എസ്.യു ലീഡർഷിപ്പ് വിഭാഗത്തിൽ അംഗീകാരം

**തിരുവനന്തപുരം:** ദേശീയ അവാർഡ് നേട്ടത്തിൽ കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് കണക്ഷനായ കെഫോൺ. ഗവേണൻസ് നൗ പതിനൊന്നാമത് പി.എസ്.യു അവാർഡ്സിലാണ് കെഫോൺ അംഗീകാരം നേടിയത്. പി.എസ്.യു ലീഡർഷിപ്പ് അവാർഡ് ഫോർ സി.എം.ഡി/എം.ഡി' വിഭാഗത്തിലാണ് അവാർഡ്. ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര കൽക്കരി ഖനന മന്ത്രാലയം സഹമന്ത്രി സതീഷ് ചന്ദ്ര ദുബെ, മുൻ മാനവ വിഭവശേഷി വികസന സഹമന്ത്രിയും മുൻ ജലവിഭവ, നദീ വികസന, ഗംഗാ പുനരുജ്ജീവന മന്ത്രാലയത്തിലെ സഹമന്ത്രിയുമായിരുന്ന സത്യപാൽ സിംഗ് എന്നിവരിൽ നിന്നും കെഫോൺ ലിമിറ്റഡിനെ പ്രതിനിധികരിച്ച് മാനേജർ എ സൂരജ് പുരസ്കാരം ഏറ്റുവാങ്ങി. ഗവേണൻസ്, ലീഡർഷിപ്പ്, ഇന്നൊവേഷൻ എന്നീ മേഖലകളിൽ ദേശീയ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന സംഭാവനകൾക്കുള്ള അംഗീകാരമാണ് ഗവേണൻസ് നൗ പിഎസ്യു അവാർഡുകൾ.ഡിജിറ്റൽ ഇൻക്ലൂസിവിറ്റി പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ കണക്റ്റിവിറ്റി രംഗത്ത് വിപ്ലവം സൃഷ്ടിക്കുന്നതിനുമുള്ള കെഫോണിന്റെ അക്ഷീണമായ പരിശ്രമത്തിനുള്ള അംഗീകാരമാണിതെന്ന് ഡോ. സന്തോഷ് ബാബു ഐഎഎസ് പറഞ്ഞു.

കേരളത്തിലെ ഓരോ പൗരനെയും ഡിജിറ്റലായി ശാക്തീകരിക്കുകയും, വിവരങ്ങൾ, അവസരങ്ങൾ, അവശ്യ സേവനങ്ങൾ എന്നിവയിലേക്ക് തടസ്സമില്ലാത്ത പ്രവേശനം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് കെഫോണിന്റെ ലക്ഷ്യം. സംസ്ഥാനത്തെ ഡിജിറ്റൽ അന്തരം ഇല്ലാതാക്കുന്നതിനും, ഒരു ഡിജിറ്റൽ കേരളം കെട്ടിപ്പടുക്കാനുമുള്ള കെഫോണിന്റെ പ്രതിബദ്ധതയെ ഈ അവാർഡ് കൂടുതൽ ശക്തിപ്പെടുത്തുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com